(ഇ) കച്ചവടക്കാരേയും മറ്റും സെൻട്രൽ ഫുഡ്സ് അഡൈവസറി കമ്മിറ്റിയിൽ ചേർക്കേണ്ടുന്ന അത്യാവശ്യകത ഇനിയും ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ വന്നിട്ടുണ്ടോ;

(എഫ്) ഉണ്ടെന്നു വരികിൽ എന്തുകൊണ്ടാണ് അക്കാര്യത്തിൽ മൌനം അവലംബിച്ചിരിക്കുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വ്.

(ബി), (സി) പ്രമേയങ്ങളെ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ഗവണ്മെണ്ട് പരിഗണിച്ചിട്ടുണ്ട്.

(ഡി) അസോസിയേഷൻ പാസ്സാക്കിയ പ്രമേയങ്ങളും ഗവണ്മെണ്ട് സ്വീകരിച്ചിട്ടില്ലെങ്കിലും അവയുടെ ചില നിർദ്ദേശങ്ങളും ഗവണ്മെണ്ടിന്റെ അടിയന്തിര ആലോചനക്കു വിഷയമായിട്ടുണ്ട്.

(ഇ) ഈ സംഗതിയെപ്പറ്റി ഗവണ്മെണ്ട് നല്ലപോലെ ആലോചിച്ചിട്ടുണ്ട് സെൻട്രൽ ഫുഡ്സ് അഡൈവസറി കൌൺസിലിൽ കച്ചവടക്കാരെ ചേർക്കുന്നതു് ആശാസ്യമല്ലെന്നു ഗവണ്മെണ്ട് കരുതുന്നു. അതുകൊണ്ട് ഫുഡ്സ് അഡൈവസറി കൌൺസിലിൽ കച്ചവടക്കാരെ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് ഗവണ്മെണ്ട് തീരുമാനിച്ചിട്ടുള്ളതു്.

(എഫ്) "ഇ" യുടെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

INCREASE OF PRICE FOR PULSES—REASON FOR

197. മിസ്റ്റർ എം. ഒ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയാമോ.—

ഉഴുന്ന്, ചെറുപയറു മുതലായ നവധാന്യങ്ങൾക്കു് ഈയ്യിടെ വില വർദ്ധിപ്പിക്കുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇവ വാങ്ങുന്ന ദിക്കുകളിൽ വില കൂടുതൽ ആയ കാരണമാണ് ഇവിടത്തെ വില്പനവില കൂട്ടേണ്ടിവന്നതു്.

2. POINT OF ORDER

Mr. M. K. Raja (*Mulakunnathukavu*): I rise on a point of order, Sir. It has been usual in this House to place a copy of the agenda for the day before the sitting commences, but today regarding this no-confidence motion, we have not been supplied with copies of the agenda. I would like to know why the practice has been discontinued and why we have not been supplied with copies of the agenda.

Mr. President: What is the Hon'ble Member's point?

Mr. M. K. Raja (*Mulakunnathukavu*): We are handicapped by not having a copy of the no-confidence motion before us. It has been the practice all along to supply us with a copy of the agenda for our use. Why it has been discontinued on this particular occasion, I would like to know.

Mr. P. Kumaran Ezhuthassan (*Vadakkancheri*): If it is an omission in the Secretariat, it is pardonable, but if it is otherwise, it is questionable, objectionable and I very seriously protest if it is done as a result of a practice to be followed hereafter started today, especially in view of the fact that it is a very vital motion which must be made public. And I would even suggest that the machinery.....

Mr. President: I understand the Hon'ble Member's position. If it is an omission on the part of the office, whether it has been the practice in the case of no-confidence motions, which we had long ago, if it is a matter of omission by the office, it will be looked into, but I do not think the proceedings would be handicapped by that because when the no-confidence motion given leave day before yesterday, the matter was mentioned here, the motion was read here by the Chair the day was fixed, and the motion is a small sentence, the motion has been published in the papers and therefore it has to be expected—of course, I will look into the omission, no doubt—therefore, I do not think it has to be considered as a matter that would seriously handicap the business of the House. Therefore, we proceed to the business of the House. Mr. P. Govinda Menon will move the no-confidence motion that 'this House has no-confidence in the present Ministry!' That is the motion before the House.

3. NO-CONFIDENCE MOTION AGAINST THE MINISTRY

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇന്നത്തെ മന്ത്രിസഭയിൽ ഈ സഭക്കു് വിശ്വാസമില്ലെന്നുള്ള ഈ പ്രമേയം ഇന്നു അവതരിപ്പിക്കേണ്ടിവന്നതിൽ എനിക്കു വളരെ ഖേദമുണ്ട്. ഒന്നരമാസംമുമ്പു ഈ മന്ത്രിസഭ എന്റെ സുഹൃത്തു ശ്രീമാൻ ടി. കെ. നായർ അവർകളെ സംഘടിപ്പിച്ചപ്പോൾ ഈ നിയമസഭയുടെ കാലാവധി കഴിയുന്നതുവരെ അദ്ദേ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ അനുകൂലിക്കുന്നതാണെന്നു ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങിനെ പ്രഖ്യാപിച്ചതിനുശേഷം, ഈ നിയമസഭയിൽ വന്നു ഇവിടത്തെ മന്ത്രിസഭക്കു ഉത്തരവാദിത്വത്തോടുകൂടിയ ഒരു എതിർപക്ഷമായി നിൽക്കാമെന്നു പറഞ്ഞതിനുശേഷം ഈ ബുധനാഴ്ച ½ മണിക്കു ഇങ്ങിനെ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരുവാനുണ്ടായ കാരണമെന്താണെന്നു പലരും ചോദിക്കുന്നുണ്ട്. ആ ചോദ്യത്തിനു ആദ്യമായി സമാധാനം പറയേണ്ട കാര്യമുണ്ട്. ഒരു സംഗതി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സാധാരണ അവിശ്വാസപ്രമേയങ്ങൾ, മിക്കവാറും, ഒരു തറവാട്ടിലെ കാരണവരുടെപേരിൽ കൊടുക്കുന്ന കേസിൽ പറയുന്ന മാതിരി പലവിധത്തിലുള്ള ആക്ഷേപങ്ങൾ അടങ്ങിയതായിരിക്കും. എന്നാൽ ഇന്നത്തെ മന്ത്രിസഭയെ അലങ്കരിക്കുന്ന എന്റെ മാന്യ സുഹൃത്തുക്കളുടെ ഭരണസംബന്ധമായ ഒരൊറ്റ വിഷയത്തെ പോലും പ്രതിവാദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പത്തുപതിനാലു മാസങ്ങൾക്കുമുമ്പു ഈ നിയമസഭയിൽ മറ്റൊരവിശ്വാസപ്രമേയം അവതരിപ്പിക്കാനുള്ള അവസരം എനിക്കുണ്ടായി. അന്നു ആ അവിശ്വാസപ്രമേയം അവതരിപ്പിച്ചതു എന്റെ സുഹൃത്തുക്കളായ ശ്രീമാൻ ലോനപ്പനേറയും ശ്രീമാൻ ബാലകൃഷ്ണമേനവനേറയും പേരിൽ ഞാനും എന്റെ സുഹൃത്തായ ഇന്നത്തെ പ്രധാന മന്ത്രി ശ്രീമാൻ ടി. കെ. നായരുംകൂടി യോജിച്ചായിരുന്നു. അന്നു ഞാനും ശ്രീമാൻ ടി. കെ. നായരുംകൂടി ശ്രീമാൻ ലോനപ്പനേറയും ശ്രീമാൻ ബാലകൃഷ്ണമേനവനേറയും പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിച്ചതിനുശേഷം ഇന്നു അവരുടെ മൂന്നുപേരുടേയും പേരിൽ ഒരുമിച്ചു അവിശ്വാസപ്രമേയം അവതരിപ്പിക്കേണ്ടതായിട്ടാണു വന്നതു. കാലചക്രം തിരിയുന്നതോടുപ്പം പല വിധത്തിലുള്ള കൂട്ടിമുട്ടലുകളും മറവും ഉണ്ടാകുന്നതിന്റെ ഒരു ലക്ഷണം മാത്രമാണിതു.

ഞാൻ എന്തിനാണു ഈ അവിശ്വാസപ്രമേയം ഇത്രവേഗം അയച്ചതു എന്നു പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ മന്ത്രിസഭയുടെ ഭരണഘടനയെ പരിഗണിച്ചു അവരെ സ്ഥാനഭ്രംശംവരുത്തി അധികാരം കയ്യൊലാക്കുവാനുള്ള സൂത്രത്തിലുള്ള ഒരു അവിശ്വാസപ്രമേയമല്ല ഇതു. ഇതിനെക്കുറിച്ചു ജനങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഇല്ല എങ്കിലും എന്തിനാണു ഇതു എന്നുള്ളതിനെക്കുറിച്ചു ആശയകുഴപ്പമുണ്ടാകാതിരിയ്ക്കാൻവേണ്ടി ഗൌരവമേറിയ ചില സംഗതികളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു പ്രഖ്യാപനം ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർ, ½ മാസംമുമ്പു ഞാനും, എന്റെ സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന ശ്രീമാൻ നായരും മന്ത്രിയായിരുന്ന സന്ദർഭത്തിൽ രാജേന്ദ്രമൈതാനത്തുണ്ടായ ചില സംഭവങ്ങളെ തുടർന്നാണു ഞാൻ രാജിവയ്ക്കുകയുണ്ടായതു എന്നുള്ളതു ഇപ്പോഴും കൊച്ചിയിലെ പൊതുജനങ്ങളും ഈ സഭയും മറന്നിരിക്കുകയില്ല. രാജേന്ദ്രമൈതാനത്തുണ്ടായ സംഭവത്തെ സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്തണമെന്നുള്ള വാദം ഞാൻ ഉന്നയിച്ചു. ആ വാദത്തിന്റെ അടിസ്ഥാനത്തിന്മേലാണു ഞാൻ രാജിവച്ചതു. അഡ്വക്കേറ്റ് ജനറാൽ അവർകളും കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറും ശ്രദ്ധിക്കേണ്ട ഞാൻ സബ്ജൂഡിസ്സായ യാതൊരു കാര്യവും പറയാൻ ഉദ്ദേശിക്കുന്നില്ല. സർ, എന്റെ ട്രഷറിയിൽ പ്രധാനപ്പെട്ട ഒരു കാര്യത്തെ പരിഗണിച്ചു ഞാൻ രാജിവച്ചശേഷം എന്റെ മാന്യസ്നേഹിതൻ ശ്രീമാൻ നായർ ഒരു മന്ത്രിസഭ സംഘടിപ്പിച്ചു എന്നു കേട്ടപ്പോൾ എനിക്കു വളരെ സന്തോഷമുണ്ടായി. സന്തോഷമുണ്ടാകാനുള്ള കാരണം, അങ്ങിനെയുള്ള ഒരു മന്ത്രിസഭ സംഘടിപ്പിക്കുന്നതിനു അടിസ്ഥാനമായി, അങ്ങിനെയുള്ള ഒരു മന്ത്രിസഭയെ അനുകൂലിക്കുന്നതിനു നിദാനമായി അതിൽ ഒരു കണ്ടീഷൻ വച്ചിരുന്നതു രാജേന്ദ്രമൈതാനസംഭവത്തെ കുറിച്ചു ഒരു അന്വേഷണം നടത്തുന്നതാണു എന്നുള്ളതാണെന്നു ഞാൻ കടലാസ്സിൽ വായിക്കുകയുണ്ടായി. ഇന്നത്തെ മന്ത്രിസഭയെ അലങ്കരിക്കുന്ന മാന്യന്മാരിൽ ചിലർ ഇതിനെപ്പറ്റി ഈ വിധത്തിലുള്ള ഒരന്വേഷണം നടത്തണമെന്നു വാദിക്കുകയുണ്ടായി എന്നു ഞാൻ മനസ്സിലാക്കുന്നു. ഇന്നത്തെ മന്ത്രിസഭയെ അനുകൂലിക്കുന്ന എന്റെ ബഹുമാന്യ സുഹൃത്തുക്കളിൽ ചിലർ ജൂഡിഷ്യലായോ, മറ്റോ ഒരന്വേഷണം ഇതിനെക്കുറിച്ചു വേണമെന്നു വാദിച്ചതായും അങ്ങിനെയുള്ള അന്വേഷണം ഉടൻതന്നെ വരുമെന്നു പറഞ്ഞതായും ഞാൻ അറിഞ്ഞിട്ടുണ്ട്. ഇന്നലെ വൈകുന്നേരം പോലും ഇന്നത്തെ മന്ത്രിസഭയെ അനുകൂലിക്കുന്ന എന്റെ ഒരു മാന്യ സുഹൃത്തിനോടു രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു ഒരു അന്വേഷണം നടത്താമെന്ന വ്യക്തമായ നിർദ്ദേശത്തിന്മേലല്ലേ മന്ത്രിസഭ സംഘടിപ്പിച്ചതു എന്നു ചോദിച്ചപ്പോൾ അതെ, എന്നു എന്നോടു മറുപടി പറയുകയുണ്ടായിട്ടുണ്ട്. അതുകൊണ്ടാണു ഞാൻ യാതൊരു കാര്യത്തെ ഉദ്ദേശിച്ചു രാജിവച്ചുപോന്നുവോ ആ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നതിനുവേണ്ടി ഒരു പുതിയ മന്ത്രിസഭയുണ്ടായതിൽ ഞാൻ സന്തോഷിച്ചതു". ഈ മന്ത്രിസഭയിൽ പ്രവേശിച്ച പല രാഷ്ട്രീയസാമുദായിക പാർട്ടിയുടെ പൊതുയോഗങ്ങളിലും വിശേഷാൽ യോഗങ്ങളിലും ഇങ്ങനെ ഒരനേഷണം വേണം എന്ന പ്രമേയങ്ങൾ പാസാക്കിയതായി കേട്ടിട്ടുണ്ട്. ഞാൻ പറയാൻ പോകുന്ന വസ്തുത ശരിയല്ലെങ്കിൽ അദ്ദേഹം തിരുത്തണം. ശ്രീമാൻ ബാലകൃഷ്ണമേനോൻ അദ്ദേഹം മന്ത്രിയാകുന്നതിനുമുമ്പു് തലപ്പള്ളി താലൂക്കിൽ എവിടെയോ ഒരു യോഗത്തിൽവച്ചു് ഒരനേഷണം വേണമെന്നു പ്രസംഗിച്ചിട്ടുണ്ടു് എന്നു ഞാൻ കേൾക്കുകയുണ്ടായി.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഞാൻ അങ്ങിനെ പ്രസംഗിച്ചിട്ടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ അടിസ്ഥാനത്തിന്മേലാണു് മന്ത്രിസഭ രൂപീകരിച്ചതു് എന്ന ഉത്തരവാദപരമായ ചില പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ടു്. ഞാൻ അതിൽ സന്തോഷിച്ചു.

റാവു ബഹദൂർ ടി. കെ. നായർ : എതൊരു പ്രഖ്യാപനത്തെ ഉദ്ദേശിച്ചാണു് ഉത്തരവാദപരമായ പ്രഖ്യാപനം എന്നു പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മന്ത്രിസഭ രൂപീകരണത്തിനുശേഷം വിദ്യാഭ്യാസമന്ത്രി നടത്തിയ ഒരു പ്രസ്സുകോൺഫറൻസിൽവച്ചു് ഈ കാര്യത്തെക്കുറിച്ചു് ഒരു പ്രസ്താവനയുണ്ടായി. രാജേന്ദ്രമൈതാനത്തിലെ സംഭവത്തെക്കുറിച്ചു് ഒരു ജുഡീഷ്യൽ എങ്കയറി നടത്തുന്നതാണെന്നു ശ്രീമാൻ ബാലകൃഷ്ണമേനോൻ ആ പ്രസ്സുകോൺഫറൻസിൽവച്ചു പറയുകയുണ്ടായി. അങ്ങിനെയുള്ള പ്രസ്താവനയെ പ്രധാന മന്ത്രി ശ്രീമാൻ ടി. കെ. നായരോ, അദ്ദേഹത്തിന്റെ കീഴിലുള്ള ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റോ നിഷേധിച്ചിട്ടില്ല.

Mr. K. Balakrishna Menon *(Minister for Food and Education)*: It is not correct, Sir, which is that Press Conference, please?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാൽ പ്രസ്സുകാരോടു പറഞ്ഞ വർത്തമാനമായിരിക്കാം. പത്രപ്രതിനിധികളുമായുണ്ടായ അഭിമുഖസംഭാഷണമധ്യേ ഈ മാതിരി പ്രസ്താവിച്ചതായി പത്രറിപ്പോർട്ടുകളിൽ കണ്ടിരുന്നു. ഇതെല്ലാം അവാസ്തവമാണെന്നുണ്ടെങ്കിൽ മന്ത്രിസഭ ഇങ്ങനെയെല്ലാം ചെയ്യാൻ പോകുന്നു എന്നുള്ള വർത്തമാനം ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതു് ഈ മന്ത്രിസഭക്കു് പത്രലോകത്തിന്റെ സൌഹാർദ്ദം സമ്പാദിക്കുന്നതിനുവേണ്ടിയുള്ള ഒരു അന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടിയാണു്. അതിനു് ഞാൻ മന്ത്രിസഭയുടെ പേരിൽ കുറ്റം പറയുന്നില്ല. ഈ അന്തരീക്ഷസൃഷ്ടാക്കളുടെ പേരിലും അതിനനുവദിച്ച നിങ്ങളുടെ പേരിലും മാത്രമേ എനിയ്ക്കാക്ഷേപമുള്ളു. എന്റെ സന്തോഷം അടിസ്ഥാനരഹിതമായിരുന്നു. അതിനു ശേഷം ഞാൻ നിയമസഭയിലേയ്ക്കു ഒരു പ്രമേയം അയക്കുകയുണ്ടായി. ആ പ്രമേയത്തിൽ ഞാൻ വളരെ പരിമിതമായ ആവശ്യമാണു് ഉന്നയിച്ചിരുന്നതു്. ഈ രാജ്യത്തിലെ നിയമമനുസരിച്ചു, ഗവണ്മെണ്ടു് ഓഫ് കൊച്ചിൻ ആക്ടു് അനുസരിച്ചു് ആ ആക്ടിലെ സ്റ്റാൻറിങ്ങ് ഓർഡർ അനുസരിച്ചു, നിയമസഭയിൽ ചില പ്രമേയങ്ങളും അവതരിപ്പിക്കാൻ അതിലെ അംഗങ്ങൾക്കു് അവകാശമുണ്ടു്. ആ പ്രമേയങ്ങളും ഗവണ്മെണ്ടിനോടു ചെയ്യുന്ന അപേക്ഷ മാത്രമാണു്. ആ വിധത്തിലുള്ള ഒരു പ്രമേയം ഞാൻ ഈ നിയമസഭയിലേയ്ക്കു് ന്യൂ ഡൽഹിയിൽ നിന്നും അയയ്ക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചു എന്റെ മാന്യ സുഹൃത്തുക്കളും വേറെയും പ്രമേയങ്ങളും അയക്കുകയുണ്ടായി. ആ പ്രമേയങ്ങളിൽ ചിലതു സബ്ജു് ജുഡീസു് എന്ന വാദമനുസരിച്ചു, മറ്റു പല വാദങ്ങളുമനുസരിച്ചു ബഹുമാനപ്പെട്ട പ്രസിഡണ്ടു് അവധാനപൂർവ്വം ആലോചിച്ചു തള്ളിക്കളയുകയുണ്ടായി. അതിൽ എനിയ്ക്കാക്ഷേപമില്ല. അങ്ങിനെ തള്ളിക്കളഞ്ഞതിനു ശേഷം, എതാനും നിരുപദ്രവകരമായ ചില പ്രമേയങ്ങളും വാദപ്രതിവാദത്തിനു സ്വീകരിച്ചു എന്ന എനിയ്ക്കറിവു കിട്ടി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഗവണ്മെണ്ടു് ആ വാദപ്രതിവാദത്തെ പൂർണമനുസരിച്ചു നിരോധിച്ചിരിക്കുന്നു എന്നുള്ള വിവരവും കിട്ടി. ഈ അവിശ്വാസപ്രമേയം ബീജാവാപം ചെയ്തതു ആ അവസരത്തിലാണു്. രാജേന്ദ്രമൈതാനത്തെ സംഭവത്തെപ്പോലെയുള്ള ഒരു മന്ത്രിസഭയുടെ രാജിക്കു കാരണമാക്കിയ ഇത്രയും പ്രധാനമായ സംഭവത്തെ സബ്ജു് ജുഡീസ്സു് എന്ന നിയമം പീശി അകറ്റുന്ന ഒരു പരിതസ്ഥിതി കൊച്ചിയിൽ ഉണ്ടാക്കുന്നതു നിങ്ങളുടെ ഭദ്രതയ്ക്കു തന്നെ ഹാനികരമാണു്. ഈ നാട്ടിൽ പൊതുജനാഭിപ്രായം പ്രകടിപ്പിയ്ക്കാനുള്ള സൌകര്യത്തെ ഇത്രമാത്രം ഹനിക്കുന്നു എന്നുണ്ടെങ്കിൽ ഈ സഭയ്ക്കു മന്ത്രിസഭയുടെ പേരിൽ അവിശ്വാസമുണ്ടെന്നു പറയാതെ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഇതാണു എനിയ്ക്കു അറിയിപ്പാനുള്ളതു്. ഇതിനെ സംബന്ധിച്ചു അഡ്ജേൺമെന്റ് മോഷൻ കൊണ്ടുവന്നു. അതു തിങ്കളാഴ്ചയാണു് ആ അഡ്ജേൺമെന്റ് മോഷൻ സാങ്കേതികമായ ചില കാരണങ്ങളാൽ സർ, അങ്ങു തള്ളികളഞ്ഞു. അങ്ങു തള്ളികളഞ്ഞതിനു ചെയ്ത പ്രഖ്യാപനത്തിൽ ഈവക കാര്യങ്ങൾ മറ്റു ചില മാർഗ്ഗങ്ങളിൽ കൂടിയല്ലാതെ നിയമസഭയിൽ കൊണ്ടുവരാൻ പാടില്ലെന്നു അങ്ങു പറഞ്ഞു. രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു, പ്രധാനമന്ത്രിപദത്തെ പോലും തൃജിച്ചു യാതൊന്നിനു വേണ്ടി ഞാൻ രാജിവച്ചു ഇറങ്ങിപ്പോന്നുവോ ആ സംഭവത്തെക്കുറിച്ചു കൊച്ചീ നിയമസഭയിൽ ഒരു വാദപ്രതിവാദം ചെയ്യാനുള്ള സൌകര്യം നിഷേധിച്ചു കഴിഞ്ഞിരിക്കുന്ന ഈയവസരത്തിൽ ഈ വിധത്തിലുള്ള നിഷേധങ്ങൾ കണ്ടു കണ്ണടച്ചു ഇതിനെക്കുറിച്ചു യാതൊന്നും ചെയ്യാൻ സാധിക്കുകയില്ലെന്നുള്ള നിലയിൽ ഇതി കർത്തവ്യതാമൂഢനായി നിയമസഭയിൽനിന്നു ഇറങ്ങിപോകാനുള്ള ഒരു പ്രതിപക്ഷമല്ലാ ഇന്നു നിയമസഭയിൽ ഇരിക്കുന്നതു് എന്നു മന്ത്രിമാരും ഗവണ്മെണ്ടും അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. പണ്ടു് ഒരു രാജാവുണ്ടായിരുന്നു; ആ രാജാവിന്റെ പേർ കൃഷ്ണമൂട്ടു് എന്നായിരുന്നു. ആ രാജാവു, തിരയടിച്ചു തുള്ളിച്ചാടിവരുന്ന സമുദ്രത്തിന്റെ വക്കത്തുനിന്നുകൊണ്ടു തന്റെ അധികാരഗൌരവത്തിന്റെ മൂർദ്ധന്യത്തിൽ കയറിനിന്നുകൊണ്ടു ഒരു വടി കാണിച്ചു പറഞ്ഞു, ഇതിനപ്പുറം തിരകൾകടക്കരുതു എന്നു. അതു മാതിരി ഒരു അണ്ണാർകണ്ണനെ തൊഴത്തിലിട്ടടച്ച കഥയും കേട്ടിട്ടുണ്ടു്. ഇന്നത്തെ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും, ഈ വാദപ്രതിവാദത്തെ ര ഫ-ം രൂപംകൊണ്ടു തടഞ്ഞു നിർത്തുമെന്നു വിചാരിച്ചതു അത്ര വ്യാമോഹത്താലാണു്. അതിനു യാതൊരു നിവർത്തിയുമില്ല. ഞങ്ങൾക്കു പറയാനുള്ളതു പറയും, ഞങ്ങൾക്കു അപേക്ഷിയ്ക്കാനുള്ളതു അപേക്ഷിയ്ക്കും, ഞങ്ങൾക്കു വിമർശ്ശിയ്ക്കാനുള്ളതു വിമർശിക്കും, അതിനു സൌകര്യം നിഷേധിയ്ക്കരുതു്. ഈ വാദപ്രതിവാദത്തെപോലും തടയുന്നതിനു നിയമമുണ്ടു്. ദിവാൻജിക്കു പ്രസിഡണ്ടു അനുവദിച്ച പ്രമേയത്തിനുപോലും അനുമതി നിഷേധിക്കാവുന്ന തരത്തിലുള്ള അനവധി രൂളകൾ ലജിസ്ലേറ്റീവു കൌൺസിൽ രൂൾസിലുണ്ടു്. ഈ നിയമം ദിവാൻജി ഉപയോഗിക്കുന്നതുപോലെ ഉത്തരവാദപ്പെട്ട മന്ത്രിമാർ ഉപയോഗിക്കാൻ പാടില്ലാത്തതാണു്. ഈ നിയമസഭയിൽ ഒരു ബഡ്ഡറു തള്ളികളയുകയാണു എന്നുണ്ടെങ്കിൽ ആ ബഡ്ഡറു റസ്റ്റോർ ചെയ്യാനുള്ള അധികാരം ദിവാൻജിയ്ക്കുണ്ടു്. അടുത്തുണ്ടായ നിയമനിർമ്മാണമനുസരിച്ചു, ഗവണ്മെണ്ടു ഓഫ് കൊച്ചിൻ ആക്ടിലെ ഭേദഗതിയനുസരിച്ചു ദിവാൻജി എന്ന പദം ഉപയോഗിച്ചിട്ടുള്ളിടത്തൊക്കെ ഗവണ്മെണ്ടു് എന്നു തിരുത്തണം എന്നു പറയുന്നുണ്ടു്. ഇന്നത്തെ മന്ത്രിമാർ ഒരു ബഡ്ഡറു് ഗ്രാൻറു, ഒരു ഡിമാൻറു കൊണ്ടു വരുകയും ഈ സഭ അതു തള്ളിക്കളയുകയും ചെയ്യുകയാണെന്നുണ്ടെങ്കിൽ ദിവാൻജി പണ്ടു ചെയ്തതുപോലെ അതിനെ രൂൾ ഉപയോഗിച്ചു റസ്റ്റോർ ചെയ്യുകയില്ലെന്നു ആരു കണ്ടു. അതേ മാതിരിയുള്ള ഒരു രൂൾ ഉപയോഗിച്ചാണു ഇതു് ചെയ്തിരിക്കുന്നതു. രാജേന്ദ്രമൈതാനസംഭവത്തെപ്പറ്റി കേൾക്കുമ്പോൾ ഏതെല്ലാം വിധത്തിലുള്ള ഞെട്ടിത്തെറിക്കലുകൾ ഉണ്ടായാലും, ഏതെല്ലാം വിധത്തിലുള്ള ബുദ്ധിമുട്ടുകളുംകഴപ്പുകളും ഉണ്ടായാൽപോലും അതിനേക്കുറിച്ചു വാദപ്രതിവാദം ഉണ്ടാകാതിരിക്കുകയില്ല. ഇന്നു ഈ അവിശ്വാസപ്രമേയം പാസ്സായാലും, ഇല്ലെങ്കിലും രാജേന്ദ്രമൈതാനസംഭവത്തിന്റെ നാമധേയത്തിൽ ഈ മന്ത്രിസഭ പോകാതിരിക്കുകയില്ല. ഇന്നു ഈ അവിശ്വാസപ്രമേയം പാസ്സായാലും ഇല്ലെങ്കിലും രാജേന്ദ്രമൈതാനസംഭവത്തെപ്പറ്റി കൊച്ചീരാജ്യത്തു് ഒരു അന്വേഷണം ഉണ്ടാകാതിരിക്കുകയില്ല. ഇന്നു അവിശ്വാസപ്രമേയം പാസ്സായാലും, ഇല്ലെങ്കിലും രാജേന്ദ്രമൈതാനസംഭവത്തിനു കാരണമാക്കിയ തുലിക പ്രവർത്തിച്ചതു ആരുടെ കൈകൊണ്ടാണൊ, ആ ആളെക്കൊണ്ടു കൊച്ചിയിലെ പൊതുജനങ്ങൾക്കും സമാധാനം പറയിപ്പിക്കാതിരിക്കുകയില്ല. കൊച്ചിയിലെ മൂകലക്ഷങ്ങളുടെ നാമധേയത്തിൽ, അവരുടെ പ്രതിനിധ്യം വഹിച്ചുകൊണ്ടു, ഞാൻ മിക്കവാറും ഒരു പ്രവചനം എന്നപോലെ പറഞ്ഞുകൊള്ളുന്നു, പോലീസുദ്യോഗസ്ഥന്മാർ എത്രമാത്രം ഓടിനടന്നാലും, ഈ അവിശ്വാസപ്രമേയത്തെ പരാജയപ്പെടുത്തുന്നതിനു ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ, തങ്ങളുടെ ആയുസ്സുതന്നെ ഇതിൽ പെട്ടിരിക്കുന്നു എന്ന വിചാരത്തോടുകൂടി ഓടി നടന്നാലും അവക്കു കിട്ടുന്ന രക്ഷ ഏതാനും ദിവസത്തേക്കു, ഏതാനും മാസത്തേക്കു് ഏതാനും കാലത്തേക്കു മാത്രമാണെന്നു്. രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു എനിക്കു് പറയാനുള്ളതു് ഇത്രമാത്രമാണു്. കൊച്ചിയിൽ അനേകം ലാത്തിതല്ലുകൾ ഉണ്ടായിട്ടുണ്ടു്. (ഹിയർ, ഹിയർ). ഇൻഡ്യയിൽ അനേകം ലാത്തിതല്ലുകൾ ഉണ്ടായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ലാത്തിതല്ലുകൾക്കു കാരണമായിട്ടുള്ളസംഗതികളെപ്പറ്റി സബ്ജുഡീസായിരിക്കുകയില്ല. ഈ ലാത്തിതല്ലിനുശേഷം തല്ലുകൊണ്ടവരെ പ്രതിചേർത്തു കേസു നടത്തുന്നതു പിൻവലിക്കണമെന്നാണു ഈ മന്ത്രിസഭയോടു എനിക്കു ചെയ്യാനുള്ള ആദ്യത്തെ അപേക്ഷ. ഇതു വലിയ അന്യായം, ഇതുവലിയ പൊതുജനാഭിപ്രായപ്രതിഷേധം ഒരിക്കലും കൊച്ചിയിലെ പൊതുജനങ്ങൾ അനുവദിക്കുകയില്ല. ഈ കേസ്സ് പിൻവലിച്ചതിനുശേഷം രാജേന്ദ്രമൈതാനത്തു് ഉണ്ടായ സംഭവത്തിന്റെ കാരണങ്ങളെപ്പറ്റി അന്വേഷണം നടത്തണമെന്നു ഒരു മന്ത്രിസഭയുടെ രാജികൊണ്ടുപോലും ആവശ്യപ്പെട്ടതിനുശേഷം അതനുവദിക്കാൻ നിവൃത്തിയില്ലാതെ ഇരിക്കുന്ന ഇന്നു് അധികാരത്തിലിരിക്കുന്ന മന്ത്രിമാരോടു എനിക്കു മറ്റൊന്നാണു് പറയുവാനുള്ളതു്. ഈ കേസു് വിചാരണ നടത്തുവാൻ പ്രത്യേകം ഒരു മജിസ്ട്രേട്ടിനെ വെയ്ക്കാൻപോകുന്നു എന്നു ഞാൻ കേട്ടു. പ്രത്യേകം ഒരു മജിസ്ട്രേട്ടിനെ വെയ്ക്കുന്നതു ജുഡീഷ്യൽ എൻക്വയറിയാണെന്നു ചില കടലാസുകളിൽ എഴുതിയിരിക്കുന്നതായി കണ്ടു. കേസുകൾ പ്രോസിക്യൂട്ടു ചെയ്യുവാനുള്ള ഒരു പ്രത്യേകകോടതിയുണ്ടാകുന്നു എന്നാണു ഇതിന്റെ അർത്ഥം. ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാർ തെറ്റുചെയ്താൽ ഗവൺമെണ്ടു ഉദ്യോഗസ്ഥന്മാർ തെറ്റു ചെയ്യുന്നു എന്നു ആക്ഷേപമുണ്ടായാൽ, ആ കാര്യത്തിൽ ഒരു അന്വേഷണം നടത്തുകയെന്നു പറയുന്നതു ഈ രാജ്യത്തു പുത്തനല്ല. പരസ്യാന്വേഷണവാദം ഡമോക്രസിക്കു യോജിച്ചതല്ലായെന്നും, അതു് മോബോക്രസിയാണെന്നും അതു യാതൊരു തത്വത്തേയും അടിസ്ഥാനപ്പെടുത്തുന്നില്ലായെന്നും ഉള്ള പല പത്രപ്രസ്താവനകളും ഞാൻ കാണുകയുണ്ടായി. കൊച്ചീരാജ്യത്തുതന്നെ ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ നടപടികളെ സംബന്ധിച്ചു എത്ര എൻക്വയറികൾ ഉണ്ടായിട്ടില്ല? അതുകൊണ്ടു ഈ കാര്യത്തിൽ ഒരു എൻക്വയറി നടത്തണമെന്നു പറയുമ്പോൾ എന്തുകൊണ്ടാണതിനെ അനുവദിക്കാത്തതെന്നു എനിയ്ക്കു മനസ്സിലാകുന്നില്ല. ഈ വിഷയത്തെപ്പറ്റി കൊച്ചി നിയമസഭയിൽ വാദപ്രതിവാദം ചെയ്യുന്നതുപോലും പൊതുക്ഷേമത്തിനു ഹാനികരമാണെന്ന വാദത്തെക്കുറിച്ചു കേൾക്കുമ്പോൾ എന്താണവരുടെ അഭിപ്രായം, എന്താണവരുടെ വേവലാതി, എന്താണവരുടെ പരിഭ്രമം എന്നറിയുവാൻ സാധിക്കുന്നില്ല. സർ, കണ്ണടച്ചിരുട്ടാക്കുവാൻ സാദ്ധ്യമല്ല. എത്രതന്നെ ശ്രമിച്ചാലും ഈവിധത്തിലുള്ള ആവശ്യങ്ങളെ തടയാൻ സാദ്ധ്യമല്ല. അതിനാൽ രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു് ഞങ്ങൾ ആവശ്യപ്പെടുന്ന ഈ രണ്ടു സംഗതികളും അനുവദിച്ചുതരുവാൻ ആവശ്യപ്പെടുന്നു. ഒരു പ്രമേയം മൂലം ആവശ്യപ്പെടാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു, മറ്റു യാതൊരു പോംവഴിയുമില്ലാതെ വന്നതുകൊണ്ടു മാത്രമാണു് ഒരു അവിശ്വാസപ്രമേയരൂപത്തിൽ ഇതാവശ്യപ്പെടേണ്ടിവന്നതെന്നു് ഞാൻ ബഹുമാന്യസുഹൃത്തുക്കളെ അറിയിച്ചുകൊള്ളുന്നു. (ഹിയർ, ഹിയർ) ഈ കാര്യത്തിൽ ഒരു ഉറപ്പുതരാൻ സാധിക്കുമെന്നുണ്ടെങ്കിൽ മന്ത്രിസഭ സംഘടിപ്പിച്ച അവസരത്തിൽ ഉണ്ടായതായി പറയപ്പെടുന്നതനുസരിച്ചു് ചെയ്യാമെന്നു് ഒരു ഉറപ്പുതരാൻ ഒരുക്കമുണ്ടു് എന്നുണ്ടെങ്കിൽ ഈ കാര്യത്തെക്കുറിച്ചുള്ള എന്റെ ആക്ഷേപം അവസാനിക്കുന്നതും അവിശ്വാസപ്രമേയം ഈ കാര്യത്തിനുവേണ്ടി പ്രസ്സു ചെയ്യാതിരിക്കുന്നതുമാണു്.

എനിക്കു ഈ നിയമസഭയിലെ ഇന്നത്തെ മന്ത്രിസഭയെ സഹായിക്കുന്ന എന്റെ ബഹുമാന്യ സുഹൃത്തുക്കളുടെ മനഃസ്സാക്ഷിയോടു ഒരു ചോദ്യം ചോദിക്കുവാനുണ്ടു്. ഇന്നത്തെ മന്ത്രിസഭയെക്കുറിച്ചു് അത്യഗൗരവമായ ആക്ഷേപങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ഈവിധത്തിൽ നിസ്സാരമായ ഇൻറർ പ്രട്ടേഷൻ ചെയ്യുന്ന കല്ലേറു വേണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. എനിക്കു ഈ മന്ത്രിസഭയെ അനുകൂലിക്കുന്ന ബഹുമാന്യ സുഹൃത്തുക്കളുടെ മനഃസ്സാക്ഷിയോടു മന്ത്രിസഭയുടെ പ്രവൃത്തി ഏതുവിധത്തിലായാലും, മന്ത്രിസഭയെ താങ്ങുന്നതു ഏതുവിധത്തിലുള്ളവരായാലും തനിക്കു പ്രത്യേകമായ ഒരു വ്യക്തിത്വമുണ്ടെന്നു സ്വയ്ക്കും വാദിച്ചു എന്റെ മാന്യ സുഹൃത്തു ശ്രീമാൻ ബാലകൃഷ്ണമേനവനോടു് എനിയ്ക്കുരപേക്ഷ ചെയ്യാനുണ്ടു്. ഈ കാര്യത്തെക്കുറിച്ചു ഈ നിയമസഭയ്ക്കും, കൊച്ചിയിലെ പൊതുജനങ്ങൾക്കും തൃപ്തികരമായ ഒരു ഉറപ്പു നൽകുക, തൃപ്തികരമായ ഒരു ആശ്വാസം നൽകുക, തൃപ്തികരമായ ഒരു തീരുമാനം ചെയ്യുക. അങ്ങിനെ ചെയ്യുകയാണു് എന്നുണ്ടെങ്കിൽ നിങ്ങൾ മന്ത്രിസഭ രൂപീകരിച്ചു അവസരത്തിൽ ശ്രീമാൻ ടി. കെ. നായരോടു യോജിച്ചതു ഈ പ്രത്യേകമായ അടിസ്ഥാനത്തിന്മേലാണെന്നു ജനങ്ങളുടെ ധാരണമൂലം നിങ്ങളെപ്പറ്റിയുള്ള മതിപ്പു്, നിങ്ങളെപ്പറ്റിയുള്ള വിശ്വാസം ജനങ്ങളുടെ ഇടയിൽ വർദ്ധിക്കുന്നതാണു. ഇപ്പോൾതന്നെ മാന്യസുഹൃത്തുക്കൾ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി, അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ജനങ്ങൾക്കുള്ള മതിപ്പിനെപ്പറ്റി ഞാൻ അനുമോദിക്കുന്നു. അതിനു മാറ്റു കൂട്ടുമാറു, അതിനു വർദ്ധനവും ഉണ്ടാകുമാറു, ഈ കാര്യങ്ങൾ കൂടി ചെയ്യുന്നതുകൊണ്ടു ഞാൻ അപേക്ഷിക്കുന്നു. അടയ്ക്കാവെട്ടാൻ അടയ്ക്കാക്കത്തി കിട്ടിയില്ലെങ്കിൽ അടയ്ക്കാ വെട്ടാതെ നിവർത്തിയില്ലായെന്നു പറഞ്ഞു ക്ഷൌരക്കത്തിയെടുത്തു കണ്ടിക്കുന്നമാതിരി ഒരവിശ്വാസപ്രമേയം കൊണ്ടല്ലാതെ ഈ സംഗതി വാദപ്രതിവാദത്തിനു കൊണ്ടുവരുവാൻ നിവർത്തിയില്ലായെന്നു പരിതഃസ്ഥിതി വരുത്തിയ പ്രധാനമന്ത്രിയോടു് എനിക്കൊരപേക്ഷയുണ്ടു്. ൪൨-ാം വകുപ്പുവച്ചു നിയമസഭയിൽ ഈ പ്രമേയം തള്ളിക്കളഞ്ഞതു, ദിവാൻജിയുടെ സ്ഥാനത്തെ ഉപയോഗപ്പെടുത്തുന്ന അദ്ദേഹമാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ അദ്ദേഹം പ്രധാനമന്ത്രിയായതിനു ശേഷം ആദ്യം അദ്ദേഹത്തെ അഭിമുഖീകരിച്ചു അനുമോദിക്കുന്ന ഈയവസരത്തിൽ എനിക്കു ഇതിനെ പ്രതിക്ഷേധിക്കാതെ നിവർത്തിയില്ല. ഈ നിയമസഭയിൽ പ്രതിപക്ഷത്തുള്ള അംഗങ്ങളുടെ സംഖ്യയും, ശവമ്മെണ്ടിന്റെ ഭാഗത്തിരിക്കുന്ന ഈ കാര്യത്തിൽ ഈ അഭിപ്രായഗതിയുള്ളവരുടെ സംഖ്യയും കൂടി നോക്കുകയാണെങ്കിൽ രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു ഒരന്വേഷണം വേണമെന്നു വളരെയധികം അഭിപ്രായമുള്ളതായി എനിയ്ക്കറിയാം. ഈ അവിശ്വാസപ്രമേയത്തിനു വോട്ടുചെയ്യുന്നുണ്ടോ, വോട്ടു ചെയ്യുന്നില്ലയോ എന്നുള്ള സംഗതി വേറെ. അതു എനിക്കു മനസ്സിലാക്കാം. പക്ഷേ, ഈ വ്യവസ്ഥയനുസരിച്ചു സംഘടിപ്പിച്ചിട്ടുള്ള മന്ത്രിസഭ ഈ കാര്യത്തിൽ തീരുമാനം ചെയ്തതു മറ്റൊരുതരത്തിലാണു്. ഇതാണു എനിയ്ക്കു പറയുവാനുള്ളതു്. സർ, ൪ ൫ ദിവസം മുമ്പു സംഘടിപ്പിച്ച ഈ മന്ത്രിസഭയ്ക്കു ഈ കാര്യം ചെയ്യാൻ സമയമായിട്ടില്ലായെന്നു പറഞ്ഞാൽ ഞാൻ അനുവദിക്കുകയില്ല. ഞാൻ അതിനെ സ്വീകരിക്കുകയില്ല. ഈ കേസു് മജിസ്ട്രേട്ട കോടതിയിലോ, സെഷൻ കോടതിയിലോ, ഹൈകോടതിയിലോ പോയി, അഗാധമായ തെളിവുകൾ നോക്കി പിന്നീടു ഉദ്യോഗസ്ഥന്മാർ തെറ്റുചെയ്തിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുകയാണെന്നുണ്ടെങ്കിൽ അന്വേഷണം നടത്താം എന്നുള്ള ഉറപ്പു ഞാൻ സ്വീകരിക്കുകയില്ല. രണ്ടു മൂന്നു കൊല്ലം കഴിഞ്ഞശേഷം, അല്ലെങ്കിൽ അഞ്ചെട്ടുമാസം കഴിഞ്ഞ ശേഷം ഇങ്ങിനെ പ്രവർത്തിച്ചിട്ടു കാര്യമില്ല. എന്താണു സർ ഈ കാര്യത്തിൽ ന്യായമായ ഒരു തീരുമാനം ചെയ്യാൻ ഇത്രവലിയ വിരോധം? ഈ വിധത്തിൽ തീർപ്പുചെയ്യാൻ വിരോധമില്ലായെന്നുണ്ടെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ഇതിനൊരു ഉത്തരവിടാമെന്നു ഉറപ്പുതരുന്നുണ്ടെങ്കിൽ ഞാൻ ഈ മന്ത്രിസഭയുടെ പേരിലുള്ള അവിശ്വാസപ്രമേയത്തെ പ്രസ്സുചെയ്യുകയില്ല.

രണ്ടാമതൊരു സംഗതികൂടി ഞാൻ പറയണമെന്നു അഗ്രഹിക്കുന്നുണ്ടു്. അതു അടുത്തുവരുവാൻ പോകുന്ന തിരഞ്ഞെടുപ്പിനെപ്പറ്റിയാണു്. സർ, ഈ രണ്ടു സംഗതികളേയും കുറിച്ചു ഞാൻ സ്റ്റേറ്റുമെന്റു പുറത്തു വിട്ടതു മന്ത്രിസഭ ഉണ്ടാക്കിയതിനു ശേഷം ആദ്യം കൂടുന്ന നിയമസഭാസമ്മേളനത്തിൽ തന്നെ ഈ മന്ത്രിസഭയുടെ പേരിൽ അവിശ്വാസപ്രമേയം ഉണ്ടാകുവാൻ പോകുന്നു എന്നുള്ള ആക്ഷേപങ്ങളെ അക്ഷേപിക്കേണ്ട കാര്യത്തിനു മാത്രമാണു്. ഞാൻ പുറപ്പെടുവിച്ച സ്റ്റേറ്റുമെന്റിൽ ഈ കാര്യങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. അതിന്റെ ഡീറ്റെയിൽസിലേക്കൊന്നും വരണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. സർ, ൧൯൫൨ മേടമാസത്തിൽ ഇവിടെ ഒരു തിരഞ്ഞെടുപ്പു ശവമ്മെണ്ടു നടത്തുമെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ഈ നിയമസഭയുടെ കാലാവധി നീട്ടിക്കൊണ്ടുപോകുവാൻ മന്ത്രിസഭ അറിഞ്ഞോ അറിയാതെയോ, പ്രത്യക്ഷമായോ പരോക്ഷമായോ പരിശ്രമങ്ങൾ നടക്കുന്നുണ്ടെന്നു് എനിക്കറിയുവാൻ കഴിഞ്ഞിരിക്കുന്നു. ഞാൻ ഇവിടെ മന്ത്രിയായിരുന്ന സന്ദർഭത്തിൽ എന്റെ മാന്യസുഹൃത്തുക്കളായ മിസിസ്സു് ഫ്രാൻസീസ്സും മിസ്റ്റർ പി. കുമാരനെഴുത്തച്ഛനും മറ്റു പല പ്രതിപക്ഷപാർട്ടിയിലെ അംഗങ്ങളും തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുന്നതിനു മന്ത്രിമാർ ശ്രമംചെയ്യുവരുന്നതായി ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. അന്നു ഞാൻ പറഞ്ഞിരുന്നു ആശങ്കക്കവകാശമില്ല, കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മിറ്റി കോൺസ്റ്റിറ്റ്യൂഷന്റെ കരടുപകർപ്പു തയ്യാറാക്കി കഴിഞ്ഞിരിക്കുന്നു, അതിലെ പല സംഗതികൾക്കും തീരുമാനം ചെയ്യുന്നതിനു നടപടികളെടുക്കുന്നുണ്ടു് എന്നു കഴിഞ്ഞ കന്നിമാസത്തിൽ ഇവിടെവെച്ചു ചേർന്നനിയമസഭാസമ്മേളനത്തിൽ ശവമ്മെണ്ടിനുവേണ്ടി അധികൃതമായി കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മറ്റി ചെയർമാനും കൂടിയായ ഞാൻ പ്രഖ്യാപിക്കുകയുണ്ടായി. എതാനും ദിവസങ്ങൾക്കുള്ളിൽ നിയോജകമണ്ഡലങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള ഒരു കമ്മിറ്റി പുറത്തുവരുമെന്നു ഞാൻ പ്രതീക്ഷിച്ചു. കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അനന്തരപ്രവൃത്തികളും നടത്തുന്നതിനു ഗവണ്മെണ്ടു് സഹായകമായി നില്ക്കുന്നില്ലെന്നാണു് എനിക്കു ഗവണ്മെണ്ടിനെക്കുറിച്ചു് ചെയ്യുവാനുള്ള ഒരാക്ഷേപം. കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടായാൽ അതുമാത്രം വെച്ചുകൊണ്ടു് തിരഞ്ഞെടുപ്പു നടത്തുവാൻ സാദ്ധ്യമല്ല. കോൺസ്റ്റിറ്റ്യൂഷൻ തയ്യാറായിരിക്കുന്നു. കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടായതിനുശേഷം നിയമസഭയിൽ എത്ര അംഗങ്ങളും ഉണ്ടാകണം, ഈ അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള നിയോജകമണ്ഡലങ്ങളും എതെല്ലാമായിരിക്കണം വോട്ടിംഗ് വ്യവസ്ഥ എന്തായിരിക്കണം, ഫ്രാഞ്ചൈസു് വ്യവസ്ഥ എന്തായിരിക്കണം എന്നുള്ള കാര്യങ്ങൾക്കു തീർപ്പു ഉണ്ടാക്കേണ്ട കാര്യമുണ്ടു്. ഈ തീർപ്പുചെയ്യേണ്ടതു് ഗവണ്മേണ്ടാണു്. കൊച്ചിയിൽ പ്രായപൂർത്തിവോട്ടവകാശം നല്കാമെന്നു പ്രഖ്യാപനം ചെയ്തു കഴിഞ്ഞിട്ടുണ്ടു്. കൊച്ചിയിലെ വിവിധസമുദായങ്ങളുടെ അവകാശങ്ങൾക്കു അല്പംപോലും ന്യൂനത തട്ടാത്ത വിധത്തിൽ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുപ്പു നടത്തണമെന്നുള്ള ശുപാർശ ഗവണ്മെണ്ടിലേക്കു പോയിട്ടു് വളര കാലമായി.

Mr. S. P. Luiz *(Nominated)*: On a point of information, may I know when the report of the Constitutional Advisory Committee has been finalised.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ ഓർമ്മ ശരിയാണെന്നുണ്ടെങ്കിൽ കന്നിമാസം ആദ്യം അതിനെക്കുറിച്ചുള്ള ശുപാർശ കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മറ്റിയിൽനിന്നു ഗവണ്മേണ്ടിനു പോകയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദു് ഹുസൈൻ: എല്ലാ സമുദായങ്ങൾക്കും ആക്ഷേപമില്ലാത്ത ശുപാർശയാണു് കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മറ്റി അയച്ചതെന്നു പറഞ്ഞു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതൊന്നും പറഞ്ഞില്ല. ഫ്രാൻചൈസിലിമിത്തിംഗ്സ് പ്രഭവും, ക്രിപ്സും പിന്നീടു കാബിനറ്റ് മിഷനും ബ്രിട്ടീഷു് ഗവണ്മെണ്ടും ഇൻഡ്യയിൽനിന്നു ബ്രിട്ടീഷു് ഗവണ്മെണ്ടു് വിട്ടുപോകുന്നതുവരെ പറഞ്ഞിരുന്നതു് ആക്ഷേപമില്ലാത്ത ഒരു നില വരുകയാണെങ്കിൽ സ്വാതന്ത്ര്യം തരാമെന്നാണു്. ആക്ഷേപമില്ലാത്ത ഒരു നില വരുത്തുവാൻ സാധിക്കുമോ? ആക്ഷേപങ്ങൾ കേൾക്കണം ആ ആക്ഷേപങ്ങൾക്കു തക്കതായ തിരുമാനമെടുക്കണം. ന്യായമായി തോന്നിയ പ്രവൃത്തി ചെയ്യണം. നിരാക്ഷേപമായിട്ടു ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. സർ, ഇന്നു വൃശ്ചികമാസം ൨൯-ാം തീയതിയാണു്, വൃശ്ചികമാസം ൨൯-ാംതീ- ആയതിനുശേഷവും കന്നിമാസത്തിൽ അയച്ച റിപ്പോർട്ടിന്മേൽ ഒരു തീർപ്പു ചെയ്യുവാൻ മന്ത്രിസഭക്കു കഴിഞ്ഞിട്ടില്ലെങ്കിൽ, ഗവണ്മെണ്ടിനു കഴിഞ്ഞിട്ടില്ലെങ്കിൽ, ആ ഗവണ്മെണ്ടിന്റെ ഉദ്ദേശത്തെ ഛോദ്യംചെയ്യുവാൻ ഞാൻ അനുഗ്രഹിക്കുന്നു. അതേ അവസരത്തിൽത്തന്നെ തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുവാൻ പ്രജാമണ്ഡലക്കാർ ഉത്സാഹിക്കുന്നു; തിരഞ്ഞെടുപ്പു നീട്ടണമെന്നു പ്രജാമണ്ഡലമാണു—ഇന്നത്തെ മന്ത്രിമാരല്ല—ഉത്സാഹിക്കുന്നതു് എന്നു പല ആക്ഷേപങ്ങളും പുറത്തു വന്നുകൊണ്ടിരിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആരാണു് പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തങ്ങളുടെ നിലയെ പരിരക്ഷിക്കുന്നതിനുവേണ്ടി ന്യായമായ സമാധാനം പറയുന്നതിനേക്കാളും നല്ലതു് അങ്ങോട്ടു കയറി അടിക്കുകയാണു്. സർ, ഇതു് വളരെ അന്യായമാണു്. ഗവണ്മെണ്ടു പ്രഖ്യാപനം ചെയ്തു എന്നല്ല പറയുന്നതു്. കഴിഞ്ഞ മന്ത്രിസഭ രാജിവെച്ചതിനുശേഷം എട്ടുപത്തുതവണ, ദിവസേന എന്നോണം കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മറ്റി ഇരുന്നു് പ്രവൃത്തിയെടുത്തിട്ടുപോലും ഒരു മീറ്റിംഗുപോലും നടത്തുകയുണ്ടായിട്ടില്ലെന്നു കൊച്ചിയിലെ ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ. അതു അശേഷവും ശരിയല്ലെന്നു് അതിനെ കോണ്ടിക്റ്റു ചെയ്തു് ഒരു പ്രസ്സുനോട്ടു പ്രസിദ്ധപ്പെടുത്തുവാൻപോലും ഈ ഗവണ്മേണ്ടിനു ഔദാര്യമുണ്ടായില്ല. കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മറ്റി ചെയ്യേണ്ട പ്രവൃത്തികളും ചെയ്തു കഴിഞ്ഞതിനുശേഷം പിന്നെയും ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ ഉണ്ടാകുന്നുണ്ടു് എന്റെ സ്നേഹിതൻ മിസ്റ്റർ സി. എൽ. ഇയ്യണ്ണി പറയുന്ന ഇങ്ങിനെയുള്ള പത്രറിപ്പോർട്ടുകൾ കണ്ടതിനുശേഷം അതിനെ നിഷേധിക്കണമെന്നു ഗവണ്മെണ്ടിലേക്കെഴുതി അയച്ചു എന്നു്. അതിനുശേഷവും ഇങ്ങിനെയുള്ള വ്യാജപ്രസ്താവനകളും ഉണ്ടാകുന്നുണ്ടു്.

റാവുബഹദൂർ ടി. കെ. നായർ: അതിനുശേഷമുള്ള നടപടികളുടെ ഒരു ലിസ്റ്റു് തയ്യാറാക്കീട്ടുണ്ടു്. സംഗതിവശാൽ അതു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

Mr. P. Kumaran Ezhuthassan: (*Vadakkancherri*) May I know, Sir, whether the Constitutional Advisory Commitee has got a Chairman?

Mr. President: The Hon'ble member asks for some information.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: I will give it Sir, in due course. ഈ പ്രസംഗത്തെ ഇങ്ങിനെ തടസ്ഥപ്പെടുത്തണമെന്നില്ല. സർ, കോൺസ്റ്റിറ്റ്യൂഷണൽ അഡൈ്വസറി കമ്മിറ്റിയുടെ റിപ്പോർട്ട് ചെയർമാൻ പബ്ലിഷ് ചെയ്തിട്ടുണ്ടോ എന്നു് മിസ്റ്റർ ഉയീസ്സ് ചോദിക്കുകയുണ്ടായി. ഈ കോൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മിറ്റിക്കു ചെയ്യുവാനുള്ള പ്രവൃത്തികൾ പലതാണു്. അതിൽ അവസാനതീരുമാനം എടുത്തു് കൊണ്ടുപോകുവാനുള്ള സ്വാതന്ത്ര്യം ഗവൺമെണ്ടിനാണു്. ചില കാര്യങ്ങളെപ്പറ്റി കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടു്. ശ്രീമാൻ ഉയീസ്സിനുള്ള ആക്ഷേപങ്ങൾ എന്താണെന്നു് എനിക്കറിയാം. അദ്ദേഹം വലിയൊരു സമുദായത്തിന്റെ നേതാവാണു്. കൊച്ചിയിലെ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ അവശതകളെക്കുറിച്ചു് അദ്ദേഹം ചെയ്തിട്ടുള്ള നിവേദനങ്ങളും എനിക്കറിയാം. ഈ നിയമസഭയിലെ അജണ്ടയിൽതന്നെ ഇൻഡ്യയിലെ കോൺസാംബ്ലി അംഗീകരിച്ചിട്ടുള്ള മൈനോറിട്ടീസ്സ് ഫണ്ടമെൻറൽ റൈറ്റ്സ് കൊച്ചിയിലും സ്വീകരിച്ചാൽ തരക്കേടില്ലെന്നു് അദ്ദേഹം പ്രമേയം അയച്ചിട്ടുണ്ടു്. കോൺസാംബ്ലി ഫൈനലായി അംഗീകരിച്ചിട്ടുള്ള തത്വം കൊച്ചിയിലും അംഗീകരിക്കുകയാണെന്നുണ്ടെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു എന്നും ആംഗ്ലോ ഇൻഡ്യൻ മൈനോറിറ്റീസ് റൈറ്റ്സ് കൊച്ചിയിലെ കോൺസാംബ്ലിയെകൊണ്ടു് അംഗീകരിപ്പിക്കുവാൻവേണ്ട സകല ശ്രമങ്ങളും ചെയ്യാമെന്നും ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുന്നു. സർ, ഇതൊരു നിസ്സാര സംഗതിയല്ല. ഈ നിയമസഭയുടെ കാലാവധി മീനമാസത്തിൽ കഴിയും. ഈ മന്ത്രിസഭ സംഘടിപ്പിച്ച അവസരത്തിൽ മന്ത്രിസഭയെ ഞാൻ അനുകൂലിക്കുന്നു എന്നു പറഞ്ഞ സന്ദർഭത്തിൽപോലും ഞാൻ പറഞ്ഞിട്ടുള്ള ഏറ്റവും പ്രധാനമായ കണ്ടീഷൻ ഇതാണു്. തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകരുതു്. കൊച്ചിയിൽ പ്രായപൂർത്തിവോട്ടവകാശത്തിന്മേലുള്ള ഒരു തിരഞ്ഞെടുപ്പു നടത്തുന്നതിനു തടസ്ഥം ഉണ്ടാകരുതു്. പ്രായപൂർത്തിവോട്ടവകാശത്തിന്മേലുള്ള തിരഞ്ഞെടുപ്പു് എല്ലാ സമുദായക്കാർക്കും, ക്രസ്ത്യാനികൾക്കും, ആംഗ്ലോ ഇൻഡ്യൻസിനും, ഹരിജൻസിനും, ഈഴവർക്കും, നായന്മാർക്കും എല്ലാം നീതിചെയ്യുന്ന വിധത്തിലുള്ള ഒരു തിരഞ്ഞെടുപ്പും ആയിരിക്കണം. ഈ വിധത്തിലുള്ള ഒരു തിരഞ്ഞെടുപ്പു നടത്തുന്നതിനു് ഇന്നത്തെ ഗവൺമെണ്ടു് തടസ്ഥമായിനിൽക്കുന്നു എന്നു് എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. അതു മനഃപൂർവ്വമാണെന്നു ഞാൻ പറയുന്നില്ല. അങ്ങിനെ തടസ്ഥമായി നില്ക്കുന്നു എന്നു ബോദ്ധ്യം വന്നാൽ ഞാൻ ഈ നിയമസഭയിൽ ഒരു അവിശ്വാസപ്രമേയം മൂലമല്ലാതെ അതിനെപ്പറ്റിയുള്ള ആക്ഷേപം എങ്ങിനെ കൊണ്ടുവരുവാൻ സാധിക്കും. ഈ രഹസ്യം ഞാൻ ഈ നിയമസഭയെ അറിയിച്ചുകൊള്ളട്ടെ. ഞായറാഴ്ച ഉച്ച ൧൦ മണിക്കു് ഞാൻ പ്രധാനമന്ത്രി മിസ്റ്റർ ടി. കെ. നായരെ സമീപിച്ചു. സുഹൃൽസഹജമായ സ്വാതന്ത്ര്യത്തോടുകൂടി ഞാൻ ആവശ്യപ്പെടുകയുണ്ടായി തിങ്കളാഴ്ച കൂടുന്ന നിയമസഭയുടെ സിറ്റിംഗ് കഴിയുന്നതിനു മുമ്പെങ്കിലും ഇതിനെക്കുറിച്ചു് ഒരു തീർപ്പുണ്ടാക്കിയാൽ തരക്കേടില്ലായെന്നു്. എന്നാൽ തിരഞ്ഞെടുപ്പിനുള്ള സകല പരിശ്രമങ്ങളും നടത്തുവാൻ സാധിക്കും. സർ, ഞാൻ ഇന്നു വിശ്വസിക്കുന്നില്ല മീനമാസത്തിലൊ ഇടവമാസത്തിലൊ ഈ ഗവൺമെണ്ടിനു തിരഞ്ഞെടുപ്പു നടത്തുവാൻ സാധിക്കുമെന്നു്. ഇടവമാസത്തിൽ തിരഞ്ഞെടുപ്പു നടക്കുന്നില്ലെങ്കിൽ അങ്ങിനെ നടക്കാതിരിക്കുവാൻ കൊച്ചിയിലെ സ്ഥാപിതതാല്പര്യക്കാരൊ മറ്റാരെങ്കിലുമൊ ഉത്സാഹിക്കുന്നുണ്ടെങ്കിൽ അതിന്റെ വരുംവരായ്ക എന്തായിരിക്കുമെന്നു് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകയാണെങ്കിൽ ഉണ്ടാകുന്ന ഭവിഷ്യത്തു് എന്തായിരിക്കുമെന്നു ഞാൻ ആരേയും പറഞ്ഞറിയിക്കേണ്ടതുണ്ടോയെന്നു് പറയുവാൻ ഞാൻ ഇന്നത്തെ മന്ത്രിസുഹൃത്തുക്കളോടു് അപേക്ഷിക്കുന്നു. സർ, കൊച്ചിയിലെ പൊതുജനങ്ങളും, കൊച്ചിയിലെ പൊതുജനാഭിപ്രായം വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽനിന്നും വ്യതിചലിക്കാതിരിക്കുവാൻ ഈ ഗവൺമെണ്ടു് ലിബറലായിട്ടുള്ള ഒരു പോളിസി അംഗീകരിക്കേണ്ട കാര്യമുണ്ടു്. താൽക്കാലികമായ ഗുണത്തെ സൂചിപ്പിച്ചു്, നിസ്സാരമായ ഗുണങ്ങൾക്കുവേണ്ടി, വലിയ വലിയ കാര്യങ്ങളെ ബലികഴിക്കുകയാണെന്നുണ്ടെങ്കിൽ കൊച്ചിയിലെ പൊതുജനങ്ങളുടെ പ്രതിനിധികൾക്കു് ഈ നിയമസഭയിൽവെച്ചല്ല കൊച്ചി ഗവൺമെണ്ടിനോടു് മറുപടി പറയേണ്ടിവരുക. സർ, മേടമാസത്തിലൊ ഇടവമാസത്തിലൊ തിരഞ്ഞെടുപ്പു നടക്കുകയില്ലെങ്കിൽ ഇന്നത്തെ പ്രധാനമന്ത്രിക്കും മറ്റു മന്ത്രിമാർക്കും നേരിടേണ്ടിവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിഷയത്തിന്റെ പരിമാണത്തെക്കുറിച്ച് ആലോചിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. സമരത്തിന്റെ ധ്വനി ഇന്നു കൊച്ചിയുടെ നാനാഭാഗങ്ങളിലും കേൾക്കുന്നുണ്ട്. പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ എല്ലാ സമുദായങ്ങൾക്കും ന്യായമായ പ്രാതിനിധ്യം കിട്ടത്തക്ക തിരഞ്ഞെടുപ്പു നടന്നു് അങ്ങിനെ കൂടുന്ന നിയമസഭ തീരുമാനിക്കുന്നതനുസരിച്ച് കൊച്ചിയിലെ ക്ഷേത്രപ്രവേശനപ്രശ്നം തീരുമാനിക്കാമെന്നു് മഹാരാജാവു പ്രഖ്യാപിച്ചിട്ടുണ്ട്. മേടമാസത്തിൽ തിരഞ്ഞെടുപ്പ് നടക്കുമെന്ന വിശ്വാസത്തോടുകൂടി തിരുവിതാംകൂറിലും മലബാറിലും ക്ഷേത്രപ്രവേശനം നടപ്പിൽ വന്നതിനുശേഷവും കൊച്ചിയിൽ ക്ഷേത്രപ്രവേശനസമരം നടത്താതെ കൊച്ചിയിലെ അലറുന്ന ജനങ്ങളെ ചില നേതാക്കന്മാർ പിടിച്ചുവെച്ചുകൊണ്ടിരിക്കുകയാണു്. ഈ മേടത്തിലൊ ഇടവത്തിലൊ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള വ്യവസ്ഥയുണ്ടാകുന്നില്ലാത്തപക്ഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ കൊച്ചിയിൽ അങ്ങോളമിങ്ങോളവും ക്ഷേത്രപ്രവേശന സത്യാഗ്രഹത്തെ തടയേണ്ട ചുമതലയായിരിക്കും ഗവണ്മെണ്ടിനു വരുകയെന്നു് ഒരു സൂചന നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങിനെ ഒരു വാഗ്ദത്തം മഹാരാജാവു് നൽകിയിട്ടുണ്ട്. ഉടനെ തിരഞ്ഞെടുപ്പു നടത്തുന്ന പക്ഷം ആ തിരഞ്ഞെടുപ്പിനുശേഷം നിയമസഭയിൽ വരുന്ന കൊച്ചിയിലെ പൊതുജനപ്രതിനിധികൾക്കു് അതു തീരുമാനിക്കുവാൻ കഴിയും. എന്നാൽ മീനമാസത്തിനുശേഷവും കൊച്ചിയിലെ രഷ്ട്രീയകാര്യങ്ങളിൽ ഈ നിയമസഭതന്നെയാണു് ചുമതല വഹിക്കുന്നതു് എന്നുണ്ടെങ്കിൽ കൊച്ചിയിലെ പൊതുജനങ്ങൾ അവരുടെ രാഷ്ട്രീയകൈവല്യം സാധിക്കുന്നതിനുവേണ്ടി നിയമസഭ മുഖേനയല്ലാത്ത മറ്റു മാർഗ്ഗങ്ങളെ അവലംബിക്കുന്നതായിരിക്കുമെന്നു ഒരു സൂചനയുംകൂടി നൽകുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഇന്നു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കേൾക്കുന്ന അസ്വാസ്ഥ്യങ്ങൾ, ഇന്നു മന്ത്രിമാർക്കു നേരിടാൻ സാധിക്കാത്തവിധത്തിൽ വളർന്നു, മുളച്ചു് പൊടിച്ചുതഴച്ചു വളർന്നുവരുന്ന അസ്വാസ്ഥ്യങ്ങൾ, ഈ അസ്വാസ്ഥ്യങ്ങൾ നേരിടുന്നതിനു് ഈ വിധത്തിലുള്ള കൂറുകൂവിദ്യകൊണ്ടൊന്നും സാധിക്കുന്നതല്ലെന്നും നിയോജകമണ്ഡലങ്ങളെ അഭിമുഖീകരിക്കുവാനുള്ള ദിവസത്തെ നീട്ടിക്കൊണ്ടുപോകുന്നതു ശരിയല്ലെന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, കൊച്ചി ഇൻഡ്യയിൽ എവിടേയും പേരുകേട്ടിട്ടുള്ള ഒരു രാജ്യമാണു്. തിരുവിതാംകൂറിൽ സേച്ഛാധിപത്യം നടമാടിയിരുന്ന സന്ദർഭത്തിൽ, മൈസൂറിൽ ഉത്തരവാദഭരണം സമ്മതിക്കാതിരുന്ന അവസരത്തിൽ, മറ്റു നാട്ടുരാജ്യങ്ങൾക്കു ഉത്തരവാദഭരണപ്രശ്നം സ്വപ്നപ്രായമായിരുന്ന കാലത്തു് കൊച്ചി ഉത്തരവാദഭരണത്തിൽ പുരോഗമനപരമായി മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ഈ നിലക്കു തടസ്ഥം വരുത്തുന്ന യാതൊന്നും ചെയ്യാതിരിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. കൊച്ചിയിൽ ഒരു ഭാവി കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കുന്നതിനുള്ള സംരംഭങ്ങൾപോലും വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടിയല്ലാതെ ഉണ്ടാക്കുന്നതിനുള്ള പ്രവൃത്തികളാണു് ഇന്നു കൊച്ചി ഗവണ്മെണ്ട് ചെയ്യുന്നതു്. അതിനാണു് എനിക്കു ഈ മന്ത്രിസഭയുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുവാനുള്ളതു്.

ഇനി അധികനേരം പ്രസംഗിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. സമയം അല്പം കൂടി പോയി എന്നു ആക്ഷേപമുണ്ടെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽകൂടി ഒരു സംഗതി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഒരു കാര്യം ഈ നിയമസഭയിൽവെച്ചു് ഇന്നത്തെ മന്ത്രിമാരോടു ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. റോഡുകളിലും തെരുവുകളിലും മൈതാനങ്ങളിലുംവെച്ചു് ചോദിക്കുന്നതിനേക്കാൾ വീട്ടിൽ, മുറിയിൽ, ഹോട്ടലുകളിൽ, ബോട്ടിൽ, തീവണ്ടിയിൽ ഇരുന്നു് പരസ്പരം സകാര്യം പറയുന്നതിനേക്കാൾ നല്ലതു് കൊച്ചിയിലെ ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ അടങ്ങിയ ഈ നിയമസഭയിൽ വെച്ചായിരിക്കും അതിനെക്കുറിച്ചു് പറയുന്നതെന്നു ഞാൻ വിചാരിക്കുന്നു. കൊച്ചിയിലെ മന്ത്രിമാർ ഈ കാര്യത്തിൽ നിസ്സാഹയരാണെന്നു് നാട്ടിൽ കേൾക്കുന്നുണ്ടു്. അങ്ങിനെയാണെന്നുണ്ടെങ്കിൽ കൊച്ചിയിലെ മഹാരാജാവിനു ഇന്നത്തെ മന്ത്രിമാരല്ലാതെ വേറെ ഉപദേശകന്മാരുണ്ടോ എന്നു ഞാൻ അവരോടു ചോദിക്കുന്നു?

Mr. President : Order, that should not be brought in. Any reflection upon His Highnes is out of orders.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : It is a reflection upon Ministers. കൊച്ചിയിലെ മന്ത്രിമാർ കൊച്ചിയിൽ നടക്കുന്ന സകല കാര്യങ്ങളുടേയും ഉത്തരവാദിത്വം വഹിക്കുവാൻ ഒരുക്കമില്ലേ? വഹിക്കുവാൻ ഒരുക്കമുണ്ടെങ്കിൽ ആ വിശ്വാസത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മൂന്നുമാസക്കാലം ഈ കാര്യം കയ്യിൽവെച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

കൊണ്ടിരുന്നതു് സർ, അങ്ങയുടെ റൂളിംഗ്മൂലം, മന്ത്രിമാക്ക സാദ്ധ്യമല്ലാതെയാണെന്നു് പറയുവാൻ എനിക്ക നിവൃത്തിയില്ലാതായിരിക്കുന്നു. അങ്ങയുടെ റൂളിംഗ് അനുസരിച്ചു് മന്ത്രിസഭയുടെപേരിൽ അവിശ്വാസം പ്രകടിപ്പിക്കയല്ലാതെ നിവൃത്തിയില്ല. ഈ മന്ത്രിമാരെ സ്ഥാനത്തുനിന്നു പിടിച്ചിറക്കണമെന്ന ഉദ്ദേശത്തോടുകൂടിയൊ ൪൦ ദിവസത്തിനുള്ളിൽ അവരെ അവിശ്വാസപ്രമേയംകൊണ്ടു് പുറത്താക്കണമെന്ന ഉദ്ദേശത്തോടുകൂടിയൊ ഞാൻ ഈ പ്രമേയം കൊണ്ടുവരുന്നതല്ല. അവിശ്വാസപ്രമേയത്തെക്കുറിച്ചു് വ്യവസ്ഥയുണ്ടായ അവസരങ്ങളിൽ അഡൈ്വസർ ഭരണം വരും ഇമ്പാച്ചി വരും എന്നു പല അഡൈ്വസർ ഭരണകാമുകന്മാരുംസ്ഥാപിതതാല്പര്യക്കാരും പറയുന്നുണ്ടു്. പല ദിക്കിലും ഇങ്ങിനെ കേൾക്കുന്നുണ്ടു്. അഡൈ്വസർ ഭരണം വരുമെന്ന നാട്ടിൽ സ്വസ്ഥത കേൾക്കുന്നുണ്ടു്, ഉപദേശക ഭരണം ഉണ്ടാകുമെന്ന ഭയപ്പെടുത്തി നിയമസഭയിൽ വേണ്ടതായ ന്യായമായ വാദപ്രതിവാദങ്ങളെ നീക്കിവെക്കുവാൻ നിവൃത്തിയില്ല. ഉപദേശകഭരണം വരുമെന്നുപേടിച്ചു് മെമ്പർമാക്ക ന്യായമായ കാര്യങ്ങളിൽ മാറി നില്ക്കുവാൻ നിവൃത്തിയില്ല. മന്ത്രിമാർ അക്ഷന്തവ്യമായവിധത്തിൽ അപരാധം ചെയ്യുന്നുണ്ടെങ്കിൽ പത്തിരുപതു ദിവസം കഴിയുമ്പോൾ മന്ത്രിസഭ മാറുമെന്നുണ്ടെങ്കിൽകൂടി ഇതുകൊണ്ടുവരാതെ നിവൃത്തിയില്ല. ഇതാണു് അവിശ്വാസപ്രമേയത്തിന്റെ ഉദ്ദേശം. കാര്യം നടത്തുവാൻമാത്രം കൊണ്ടുവരുന്ന ഒന്നാണു് ഈ അവിശ്വാസപ്രമേയം. ഈ കാര്യത്തിൽ മതിയായ ഉറപ്പുതരുവാൻ പ്രധാന മന്ത്രിക്ക സാധിക്കുമൊ? ഈവക കാര്യങ്ങളും നടത്തുവാൻ യാതൊരു കാലത്തെല്ലാവും വരുത്താതെ അദ്ദേഹത്തിനു സാധിക്കുമൊ? സർ, അങ്ങയുടെ റൂളിംഗ് അനുസരിച്ചു് അദ്ദേഹവും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും മാത്രമാണു ഈ രാജ്യത്തിന്റെ ഭരണാധികാരത്തിനു് ഉത്തരവാദിത്വവും ചുമതലയും വഹിക്കുന്നതെന്നുണ്ടെങ്കിൽ തീച്ചയായും ഇവിടെവെച്ചു് ഉറപ്പുതരുന്നതിനു നിവൃത്തിയുണ്ടാകാതെ തരമില്ല. അതിനു് അവക്ക സാധിക്കുന്നില്ലെങ്കിൽ സേച്ഛാധിപത്യത്തിന്റെ നഗ്നത മറക്കുവാനുള്ള കീറത്തുണികഷം മാത്രമാണു് ഈ മന്ത്രിമാർ എന്നു പറയേണ്ടിവരും.

Mr. S. P. Luiz (*Nominated*): On a point of information, Sir, has the Constitutional Advisory Committee presided over by Mr. P. Govinda Menon submitted a final report to Government in Kanni?

Mr. P. Govinda Menon (*Ernakulam*): Yes, on certain matters.

Mr. S. P. Luiz (*Nominated*): After that has the Prime Minister received any deputation from a major community, I mean one of the most important communities of the State, the Christian Union to be more precise, as a protest against the proceedings?

റാവുബഹദൂർ ടി. കെ. നായർ: അതൊക്കെ മറുപടിയിൽ പറയാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: One other point of information if that is possible കന്നി ആദ്യത്തിൽ ഡീലിമിറ്റേഷൻ കമ്മിറ്റിയെ പറ്റിയുള്ള നിർദ്ദേശം അധികാരസ്ഥാനങ്ങളിലേക്കു അഡൈ്വസർ കമ്മിറ്റി അയച്ചിട്ടുണ്ടെന്നു് അവതാരകൻ പറഞ്ഞു. ഒരു സംഗതിയുംകൂടി അറിഞ്ഞാൽ കൊള്ളാം. ഫ്രാഞ്ചൈസ് കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ള ഭൂപാശ്രയിന്മേൽ എല്ലാംതന്നെ അഡൈ്വസറി കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിനു് അയക്കുകയുണ്ടായിട്ടുണ്ടൊ? ഇതു രണ്ടും ഇലക്ഷനോടു സംബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളാണു്.

Mr. President: Has the Hon'ble Member any objection to give this information?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രധാന മന്ത്രി ആ കമ്മിറ്റിയിലെ ഒരംഗമാണു്. അതുകൊണ്ടു് അദ്ദേഹംതന്നെ അതു പറഞ്ഞുകൊള്ളട്ടെ.

Mr. President: Is the motion seconded?

Mr. Puthur Achutha Menon (*Kattur*): I second it, Sir.

Mr. S. P. Luiz (*Nominated*): Mr. President, Sir. I am afraid that at this all important juncture I will be failing in my duty if I do not make a few observations upon the points raised by the sponser of this motion. I underst and from his statement and from his speech to day that the first allegation brought against the existing Ministry is on the question of the Rajendra Maidan incident. Unfortunately our freedom has been hindered and I must personally confess I have much to say on that incident but being tongue tied and a matter of sub-judice I cannot give vent to that question now. It is all a very trickling problem to discuss on the merits and demerits of the question, when we, the representatives of the people are forbidden from speaking about it on the floor of this House. I have not very much to state about the incident other than to

* Speech not corrected by Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

mention just a review in passing. I too had been victim of great malacious, atrocious, unpardonable, unforgivable atrocities of the police.

Mr. President: Is it not a matter sub-judice?

Mr. P. Kumaran Ezhuthassan *(Vadakkancheri):* He is referring to an incident during the days of the earlier Cabinet, Sir.

Mr. S. P. Luiz *(Nominated):* The incident at Thevara being an incident much connected with me is still fresh in my memory. There hundreds of college students were thrashed, massacred and brutalised by the police. But I did not see or hear from any quarter the necessity and importance of a public enquiry. Truths were hidden on platforms and yet there was no agitation at such an important incident for moving up a public inquiry. That does not mean that I am with the Ministry for not conducting a public enquiry. I mean to say and I insist in the name of justice and humanity to the people of Cochin I demand the Ministry without prejudice to do everything in their power to see that an unforgiveable incident to the people of Cochin is meted out with full justice.

Sir, the next issue is on the question of the implimentation of the elections, namely for the hastening, I understand from Mr. P. Govinda Menon's speech that the elections are likely to be delayed. Sir, I must frankly confess that if it be the desire of the people to conduct an election in due routine, it should not be delayed and I am afraid it will have to be done on the old franchise will be required, leave alone the printing difficulties and other necessary things.

Mr. P. Govinda Menon *(Ernakulam):* How was it done in Travancore?

Mr. S. P. Luiz *(Nominated):* In 6 months. If it be the demand of the people of Cochin that immediate elections in routine should be conducted, I say, it should be conducted. But let us not upset the entire constitution of Cochin but stick to the old constitution and an immediate election based on the old system of franchise immediately to be followed by an election based on adult franchise. I quite follow the demand and necessity that the election should be conducted immediately and that more responsible and better representative should come immediately and conduct the management of the State. Then again I am a step outside the allegations, the two fundamental allegations brought against the Ministry in the motion of no-confidence. Firstly, Sir, there is a general trend of feeling among the public that the present Ministry headed by the Prime Minister is not at all appetising not at all favouring to the people of the State.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble President in the Chair.

ക്കണമെന്ന തീരുമാനമെടുത്തു. അന്നു ഞങ്ങൾ തമ്മിൽ ഉണ്ടായിട്ടുള്ള സംവാദത്തിന്റെ ഒരു ഭാഗം ഇവിടെ തുറന്നു പറയുന്നതിൽ എന്റെ മാന്യസ്നേഹിതൻ ക്ഷമിക്കണമെന്നു് ഞാൻ പറയുന്നു. അന്നു ഇതിനെ സംബന്ധിച്ചു ബലമായി നടപടികൾ എടുക്കണമെന്നു നമ്മൾ തീരുമാനിച്ച അവസരത്തിൽ ഞാൻ പറഞ്ഞില്ലേ, പോലീസു് എന്റെ കയ്യിലാണു്, ഞാൻ ഇവിടെ എപ്പോഴും ഉണ്ടാകയില്ല, പോലീസ്കമ്മീഷണർ ഇവിടെ ഉണ്ടായി എന്നു വരുകയില്ല, ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥന്മാർ ഇവിടെ ഉണ്ടായി എന്നു വരുകയില്ല, പോലിസുകാർ വഴിപിഴച്ചു വല്ലതും ചെയ്യുപോയേക്കുമെന്നു്. അന്നു മൂന്നു് ഔൺസ്സു് വെയിറ്റുള്ള അടി, ആറു് ഔൺസ്സായി വന്നേക്കുമെന്നുപറഞ്ഞതു എന്റെ മാന്യസ്നേഹിതനല്ലേ? എന്നിരുന്നാലും സമാധാനം പാലിക്കണമെന്നു എന്റെ നേതാജി എനിക്കന്നു ഉത്തരവിട്ടില്ലേ? (ചിരി) ആ ഉത്തരവു അനുസരിച്ചു നാം ഒന്നുകൂടി കാക്കുകയല്ലേ നല്ലതെന്നുവെച്ചു തിങ്കളാഴ്ച നടന്ന പ്രകടനത്തെ സംബന്ധിച്ചു ഒരു നടപടിയും എടുക്കാതിരുന്ന എന്റെ തെറ്റിനെ ക്ഷമിച്ചു എന്റെ നേതാവു എനിയ്ക്കു മാപ്പു തന്നില്ലേ? ടി. കെ. നായർ മന്ത്രിസ്ഥാനത്തിരിക്കണമൊ, പനമ്പിള്ളി ഗോവിന്ദമേനോൻ മന്ത്രിസ്ഥാനത്തിരിക്കണമൊ എന്നുള്ളതല്ല ഇന്നത്തെ ആലോചനാവിഷയം. കൊച്ചീരാജ്യത്തിന്റെ ഭാവിയെപ്പറ്റിയാണു് നാമിന്നു് ആലോചിക്കുന്നതു്. ഈയവസരത്തിൽ എടുക്കുന്ന തീരുമാനം കൊച്ചീരാജ്യത്തിന്റെ ഭാവിയെ ബാധിക്കുന്നതാണു്. ഞാൻ ഇവിടെ ഇരുന്നാലും, അവിടെയിരുന്നാലും സാരമില്ല. നിങ്ങളെല്ലാവരും കാര്യം മനസ്സിലാക്കി പ്രവൃത്തിക്കണം. കന്നിമാസത്തിലെ ആദ്യത്തെ കൌൺസിൽദിവസമായ തിങ്കളാഴ്ച ഇവിടേയുണ്ടായ സംഭവങ്ങൾ ഒരാളേയും ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. നിയമാനുസൃതനടപടികൾ നിർത്തിവെയ്ക്കുന്നതിനു ഒരു പരിതഃസ്ഥിതിയിലേക്കു ബഹുമാനപ്പെട്ട പ്രസിഡണ്ടിനെ എത്തിച്ചു എന്നുള്ള സ്ഥിതി കൊച്ചീഗവൺമെണ്ടിനു അത്ര അഭിമാനകരമായ നിലയല്ലാ എന്നുള്ളതു ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. എന്റെ മാന്യസ്നേഹിതന്മാരോടു പറയുന്നു, ഞാൻ അരമണിക്കൂർ നേരം വെറും ജീവശ്ശവമായിരുന്നു എന്നു്. നിയമസമാധാനം പാലിക്കാൻ മഹാരാജാവു തിരുമനസ്സുകൊണ്ടു് നല്കിയ അധികാരം കിട്ടിയിട്ടുള്ള ഞാൻ അരമണിക്കൂർനേരം കൊച്ചീഗവൺമെണ്ടു് ഈ രാജ്യത്തില്ലാത്ത നിലകണ്ടു ജീവശ്ശവമായിത്തീർന്നു! സമാധാനം പാലിക്കാതിരിക്കാൻ ഇനി നിവൃത്തിയില്ലെന്നു ഞാൻ ധരിച്ചു. അന്നിവിടെ കാണിച്ചതാണു് നാട്ടുകാരുടെ ഇഷ്ടമെന്നു ഞാൻ ധരിച്ചില്ല. എന്റെ തെറ്റിനെ ഞാൻ ഏറ്റുപറയുന്നു. ഇതാണു് നാട്ടുകാരുടെ ആവശ്യമെന്നു് ഞാൻ ധരിക്കാതെ, സമാധാനത്തോടുകൂടി അവരവരുടെ കുടുംബങ്ങളിൽ ജീവിതം കഴിക്കണമെന്നുള്ളതാണു് ബഹുഭൂരിപക്ഷം ജനങ്ങളുടേയും ആവശ്യമെന്ന തെറ്റിദ്ധാരണയിന്മേൽ, പോലീസുരക്ഷയോടുകൂടി നിയമസഭാനടപടികൾ നടത്താൻ തീരുമാനിച്ചു. പിറ്റേദിവസം എന്റെ മാന്യസ്നേഹിതൻ കുമാരനെഴുത്തശ്ശൻ നിയമസഭക്കു പുറത്തിറങ്ങിയ അപമാനത്തെക്കുറിച്ചു്, പോലീസിനെ അണിനിരത്തിയതുകൊണ്ടുണ്ടായ കഴപ്പത്തെക്കുറിച്ചു്, നിയമസഭയിൽ പ്രസംഗിച്ചപ്പോൾ ഞാൻ ഗവൺമെണ്ടിന്റെ നില വ്യക്തമാക്കിയതു് ഈ നിയമസഭ മറന്നിരിക്കുകയില്ല. ആ നിയമസഭയുടെ അവസാനദിവസം കാലത്തു് ഫ്ലാഗ് മണിക്കു് ഈ റോഡിൽവെച്ചുണ്ടായ സംഭവവും നിങ്ങളെല്ലാവരും അറിഞ്ഞിരിക്കും. അന്നവരെ ഗവൺമെണ്ടു ചെയ്തിട്ടുള്ളതെല്ലാം ശരി, അതിനുമുമ്പു ചെയ്തിട്ടുള്ളതെല്ലാം ശരി. അതിനു ഗവൺമെണ്ടിനു നല്ലൊരു സർട്ടിഫിക്കറ്റു കിട്ടാത്ത തരത്തിൽ ഗവൺമെണ്ടു ചെയ്യുപ്രവൃത്തിയെ പ്രതിഷേധിയ്ക്കാൻ അന്നു വൈകുന്നേരം രാജേന്ദ്രമൈതാനത്തുവെച്ചു് ഒരു യോഗം കൂടി. എന്റെ നേതാവു പ്രജാമണ്ഡലം ലീഡർ ആയിരുന്നു. പ്രജാമണ്ഡലം പാർട്ടി അന്നു ഭരണത്തിൽ ആയിരുന്നു. എന്റെ സങ്കടാവസ്ഥ ഏതു നിലയിലുള്ളതാണെന്നു ആലോചിച്ചുനോക്കുക. അന്നത്തെ മീറ്റിംഗിനു അദ്ധ്യക്ഷം വഹിച്ചതു പ്രജാമണ്ഡലം ടൌൺ കമ്മിറ്റി പ്രസിഡണ്ടായിരുന്നു. എന്തൊരു കാര്യമാണിതു്. ഇതിന്റെ അർത്ഥമെന്താണു്? പ്രജാമണ്ഡലം ഭരണത്തിൽ ഇരിക്കുന്നു, പ്രജാമണ്ഡലം മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നു, അതിൽ ഒരു എളിയ ദാസന്റെ നിലയിൽ പോലീസധികാരം ഞാൻ കയ്യിൽ വച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിയിൽ ഞാൻ എന്താണു ചെയ്യേണ്ടതു്? അദ്ദേഹത്തിനു എന്നെ വിശ്വാസമില്ലെങ്കിൽ എന്നെ പുറത്താക്കാം. അതു ചെയ്യുകയായിരുന്നു നല്ലതു്. ഒരു പാർട്ടി അധികാരത്തിൽ ഇരിക്കുമ്പോൾ ആ പാർട്ടിയുടെ ഗവൺമെണ്ടു് ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു് പ്രതിഷേധിയ്ക്കാൻ കൂടുന്ന യോഗത്തിൽ ആ പാർട്ടിയിൽപെട്ട ഒരാൾ അദ്ധ്യക്ഷം വഹിക്കുക എന്നുള്ളതു് ശരിയല്ല എന്നാണു് എന്റെ എളിയബുദ്ധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നതു്. പിന്നീടു അവിടെ നടന്നിട്ടുള്ള കാര്യങ്ങളെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. അതു സബ്ജുഡിസ്സാണെന്നു പറയുന്നു. വളരെ അധികം വിഷമം പിടിച്ചു ഒരു പ്രവർത്തിയാണിതു്. പബ്ലിക്കു് എങ്കുയറി എന്നുവച്ചാൽ മിസ്റ്റർ ചേലൂർ നയുതിരപ്പാടു പറഞ്ഞതുപോലെ ഈ സതുമെന്താണെന്നു് എനിയ്ക്കറിഞ്ഞുകൂടാ. അതു വിട്ടു വകുപ്പധ്യക്ഷന്റെ അനേഷണമൊ, അതുപോലെയുള്ള മറ്റു അനേഷണങ്ങളൊ ചെയ്യിക്കാൻ ഗവർമ്മെണ്ടിന്നധികാരമില്ലേ? ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ ഓരോ പ്രവർത്തിയേയും ഇങ്ങിനെ അനേഷണത്തിനു വിടുകയാണെങ്കിൽ, അവരുടെ ഓരോ പ്രവർത്തിയേയും ഇങ്ങിനെ തടയുകയാണു എന്നുണ്ടെങ്കിൽ സമാധാനം പാലിക്കാൻ വിഷമമായിത്തീരും. ഈ വിഷയത്തിൽ പോലീസുകാർ കേറിക്കൈ തുറന്നു സംസാരിക്കാൻതന്നെ ധൈര്യമില്ല. എന്തു കൊണ്ടെന്നുവെച്ചാൽ സമാധാനം പാലിക്കണമെന്നുള്ളതുകൊണ്ടുതന്നെ. അതുകൊണ്ടു് പോലീസുഫോഴ്സിനു വിഷമമുണ്ടാക്കുന്ന യാതൊരു സംഗതിയും എന്റെഈ കയ്യിൽ പേന പിടിക്കുന്ന സമയത്തു ഞാൻ ചെയ്യുകയില്ല. ഇതു തെറ്റാണു എന്നുണ്ടെങ്കിൽ . സദുദ്ദേശത്തോടുകൂടി കൊച്ചിരാജ്യത്തെ രക്ഷിക്കാൻ മാത്രം ചെയ്യുന്ന ഒരു തെറ്റാണു്. പൊതുജനങ്ങൾക്കു രക്ഷയുണ്ടാക്കണം എന്നുള്ളതല്ലാതെ ഇതിൽ യാതൊരു ദുരുദ്ദേശവുമില്ല. എങ്കുയറി നടത്തേണ്ട കാര്യത്തെപ്പറ്റി പലയാളുകളും ഇവിടെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു് അതിനെക്കുറിച്ചു വിസ്തരിച്ചു പറയേണ്ട ആവശ്യമില്ല. അഴീക്കോടു് ഇൻസിഡൻറ്, തൃശ്ശിവപേരൂർ ഇൻസിഡൻറ്, ചലോവിയൂർ ഇൻസിഡൻറ്, മട്ടാഞ്ചേരി ഇൻസിഡൻറ് മുതലായവ പബ്ലിക്കു് എങ്കുയറികൂടാതെ കഴിക്കാമെന്ന തീരുമാനിച്ചു എന്റെ സ്നേഹിതൻ രാജേന്ദ്രമൈതാന സംഭവത്തിന്നു എന്താണിത്ര പ്രാധാന്യം കല്പിക്കുന്നതു്? രാജേന്ദ്രമൈതാനത്തു് അന്നുണ്ടായ സംഭവത്തെ സംബന്ധിച്ചു പിറേറദിവസം ഞാൻ എന്റെ സ്നേഹിതന്മാരായി ആലോചിച്ചു. ആ കാര്യത്തെക്കുറിച്ചും എന്റെ നേതാജിയും ഞാനും കൂടി ആലോചിച്ചു. അന്നു് അദ്ദേഹത്തിന്നു ഇതിനു് ഒരു എങ്കുയറി വേണ്ടതാണെന്ന പ്രൈംമിനിസ്റ്റരുടെ നിലയിൽ അഭിപ്രായമുണ്ടായിരുന്നില്ല, അതിനുശേഷമാണു് ഈ അഭിപ്രായമുണ്ടായതു്. അതിനു ശേഷം രണ്ടുമൂന്നു ദിവസം, എന്നേയും അദ്ദേഹത്തേയും ഇണക്കിക്കൊണ്ടുപോകാൻ എപ്പോഴും അദ്ദേഹത്തിന്റെ ഉപദേശത്തെ വകവയ്ക്കുന്ന എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട കണയന്നൂർ ഈഴവ മെമ്പർ ശ്രീമാൻ അയ്യപ്പൻ ഇതിനിടയിൽ പ്രവേശിച്ചു വളരെയൊക്കെ പരിശ്രമിച്ചുനോക്കി. പക്ഷെ ഫലിച്ചില്ല. പബ്ലിക്കു് എങ്കുയറി വേണമെന്നു് എന്റെ നേതാജിയും, പബ്ലിക്കു് എങ്കുയറി ഈയവസരത്തിൽ അനുചിതമാണെന്നു ഞാനും പറഞ്ഞതുകൊണ്ടുള്ള അഭിപ്രായവ്യത്യാസംമൂലം അവസാനം ക്യാബിനറ്റു രാജിവെച്ചു. അന്നു ഞാൻ പറഞ്ഞു, നിങ്ങൾ ഭരിച്ചുകൊള്ളുക എന്നെമാത്രം പുറത്തിറക്കിയാൽ മതിയെന്നു്. ഇതിൽ ഒരു വാക്കുപോലും അസത്യമല്ലെന്നു് ഞാൻ പ്രത്യേകമായി പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ കാര്യത്തിൽ ശ്രീമാൻ അയ്യപ്പന്റെ അഭിപ്രായം എന്തായിരുന്നു എന്നു് പറഞ്ഞാൽകൊള്ളാം.

റാവുബഹദൂർ ടി. കെ നായർ: ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരുന്നു എന്നുള്ളതു ഇപ്പോൾ ഇവിടെ പറയേണ്ട ആവശ്യമില്ല. ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ അദ്ദേഹം ചെയ്തിട്ടുള്ള പ്രയത്നം എന്താണെന്നു എനിക്കു നല്ലപോലെ അറിയാം. അദ്ദേഹം രാജിവച്ചു പോന്നതിനുശേഷം, അന്നും ഇന്നും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു, ഞാൻ മാത്രം പുറത്തുപോയാൽ മതിയായിരുന്നു എന്നു്. അതിനു ശേഷം മന്ത്രിസഭ രൂപീകരിക്കാൻ ഞാനും എന്റെ പാർട്ടിയിലെ ആറാളുകളും ഉണ്ടു്. ഈ ഏഴാളും കൂടി കൊച്ചിരാജ്യത്തു ഒരു മന്ത്രിസഭ രൂപീകരിക്കാൻ ശ്രമിക്കുന്നതു സാഹസമായിട്ടുള്ളതല്ലേ? എന്നാൽ ഈ അവസരത്തിൽ എന്റെ സ്നേഹിതൻ മിസ്റ്റർ ഗോവിന്ദമേനവൻ എനിക്കു വേണ്ടുന്ന പ്രോത്സാഹനം തന്നു. ഒരു മന്ത്രിസഭ രൂപീകരിക്കണം എന്ന പല പ്രാവശ്യവും എന്നോടു് പറഞ്ഞു. അതിനു വേണ്ടുന്ന സർവ്വ സഹായങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. അതിനു വിപരീതമായി അദ്ദേഹം നടന്നു എന്നു ഞാൻ പറയുന്നില്ല. എന്റെ പൊളിറ്റിക്കൽ ലൈഫിന്റെ അവസാനത്തിൽ ഒരവിശ്വാസപ്രമേയംകൊണ്ടു് പുറത്തുപോകാതെ കഴിക്കണം എന്നും എനിക്കൊരാഗ്രഹമുണ്ടു്. എന്നാൽ എന്റെ ഭാവിയെ മറന്നു്, എന്റെ വ്യക്തിത്വത്തെ മറന്നു്, ഇന്നവരെ പൊളിറ്റിക്കൽ ഫീൽഡിൽ എനിക്കുവല്ല നേട്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതും മറന്നു അന്നു ഒരു മന്ത്രിസഭ രൂപീകരിക്കേണ്ടതു് എന്റെ ചുമതലയാണെന്നു തോന്നിയതുകൊണ്ടു് ഞാൻ അതു ചെയ്തു. അതിനു് മിനിസ്റ്റീ

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]

രിയൽ പാർട്ടിയിലുള്ള എല്ലാവരും പരിപൂർണ്ണമായി യോജിച്ചു. അതിനു് രാജ്യത്തിന്റെ പേരിൽ ഞാൻ അവരോടു് നന്ദിപറഞ്ഞുകൊള്ളുന്നു. ഒരു പബ്ലിക്കു് എങ്കപയറി നടത്താൻ സാധിക്കാതെവന്നതുകൊണ്ടാണു് ഇതിനുമുമ്പു് മന്ത്രിസഭ രാജിവെച്ചതു്. എന്നാൽ രണ്ടാമതു ഒരു മന്ത്രിസഭ രൂപീകരിച്ചതു് പബ്ലിക്കു് എങ്കപയറി നടത്താമെന്നുള്ള വ്യവസ്ഥയിന്മേലാണെന്നു് എന്റെ സ്നേഹിതൻ ഓപ്പോസിഷൻ ലീഡർ പറയുന്നു. സർ, വാദപ്രതിവാദം നടത്തുമ്പോൾ കുറച്ചെങ്കിലും സത്യം സ്വീകരിക്കണം. ഒരു പബ്ലിക്കു് എങ്കപയറി നടത്താൻ സാധ്യമല്ലാത്തതുകൊണ്ടു് എന്റെ സ്നേഹിതൻ രൂപീകരിച്ചു മന്ത്രിസഭ രാജിവെക്കാൻ നിർബ്ബന്ധിതമായി. എന്നാൽ പബ്ലിക്കു് എങ്കപയറി നടത്താമെന്ന വ്യവസ്ഥയിന്മേൽ അല്ലേ ഞാൻ മന്ത്രിസഭ രൂപീകരിച്ചതു് എന്നു പറയുന്നതിൽ യാതൊരു സത്യവുമില്ല. ഒന്നിൽ ചിലപ്പോൾ നമ്മൾ രണ്ടാളുംകൂടി ഒരു ക്യാബിനറ്റിൽ ജോലി ചെയ്യുവരല്ലേ? എന്നെപ്പറ്റി കുറച്ചെങ്കിലും എന്റെ സ്നേഹിതനു് അറിഞ്ഞുകൂടെ? എത്രത്തോളം ഔത്തമാത്മമായിട്ടുള്ള നിലയിലാണു് ഞാൻ പ്രവർത്തിച്ചിട്ടുള്ളതു്? അങ്ങിനെയുള്ള ഞാൻ പബ്ലിക്കു് എങ്കപയറി നടത്താമെന്നുള്ള വ്യവസ്ഥയോടുകൂടി ഒരു മന്ത്രിസഭ രൂപീകരിക്കുകയില്ലെന്നു് അദ്ദേഹത്തിനറിയാതേ? ഒരു പ്രൈംമിനിസ്റ്റർ സ്ഥാനത്തേയ്ക്കു എത്തിച്ചേരാൻവേണ്ടി നിങ്ങളെ മൂന്നുപേരേയും പുറത്താക്കിയതിനുശേഷം എന്തു കാര്യത്തിനുവേണ്ടി നിങ്ങൾ പുറത്തുപോയോ ആ കാര്യം നടത്താമെന്നുള്ള വ്യവസ്ഥയോടുകൂടി ഞാൻ മന്ത്രിസഭ രൂപീകരിച്ചു എന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? കുറെക്കാലം നിങ്ങളും ഇരുന്നില്ലേ ഈ സ്ഥാനത്തു്? അതു കാമ്യമാണോ ഈ സ്ഥാനം? അല്ലെന്നു എന്റെ മാന്യസ്നേഹിതനു അറിയാമല്ലോ. ഇവരെല്ലാവരും എന്റെ പാർട്ടിയിലുള്ളവരാണു്. എങ്കപയറി എന്ന ഒരു ശബ്ദം ഒരുതരത്തിലും അവരിൽനിന്നും ഉണ്ടായിട്ടില്ല. ഇതിനെ സംബന്ധിച്ചു് കേസു ചാർജ്ജു് ചെയ്തിട്ടുണ്ടു്. വളരെ വേഗത്തിൽ അതിനൊരു തീരുമാനംവരുത്തുകയും അതിനുശേഷം നിങ്ങൾ ഈ സ്ഥാനത്തിരിക്കുന്ന അവസരത്തിൽ ഞാൻ നിങ്ങളോടു് പറഞ്ഞിട്ടുള്ളതുപോലെ എതെങ്കിലും ഉദ്യോഗസ്ഥൻ കവിഞ്ഞു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെപേരിൽ നടപടിയെടുക്കുകയും ചെയ്യാം. ഈ ഉദ്ദേശത്തോടുകൂടി കഴിയുന്നവേഗം ഈ കേസു് അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു First class മജിസ്ട്രേട്ടിനെ നിയമിക്കാൻ തീർച്ചയാക്കിയിട്ടുണ്ടു്. ആ നിയമനം അടുത്തുതന്നെ ഉണ്ടാകും. ഈ കാര്യങ്ങൾ കഴിയുന്ന വേഗത്തിൽ നടത്തുകയും ചെയ്യും. എന്നല്ലാതെ ഇതിനൊരു പബ്ലിക്കു് എങ്കപയറി നടത്താൻ സാധ്യമല്ല. ഞാൻ അതിൽ വിശ്വസിക്കുന്നില്ല. അഴീക്കോടുള്ള കായ്യത്തെ സംബന്ധിച്ചു് ഒരു ജുഡീഷ്യൽ എങ്കപയറി നടത്തണമെന്നു് നമ്മളെല്ലാവരും പ്രസംഗിച്ചിട്ടു് അവസാനം ഒരു സ്പെഷ്യൽ കോട്ടു് വയ്ക്കുകയല്ലേ ചെയ്തതു്? അതുപോലെ ഇതിനെസംബന്ധിച്ചും അന്വേഷണം നടത്താൻ സർ, ഒരു സ്പെഷ്യൽകോട്ടു് വയ്ക്കാൻ പറയുക; അതിനു ഇന്ന നിലയിലുള്ള ആളെ വയ്ക്കണമെന്നു പറയുക; അവിടെ എന്തൊക്കെ ഫയലുകൾ വയ്ക്കണമെന്നു പറയുക; അതൊക്കെ ചെയ്യാൻ തയ്യാറാണു്. അതൊന്നുംകൂടാതെ എങ്കപയറി, എങ്കപയറി എന്നു പറഞ്ഞു് ഉച്ചത്തിൽ ശബ്ദം മുഴക്കിയാൽ എന്താണതിനു അർത്ഥം? സർ, നിങ്ങൾതന്നെ ഇതിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ മനസാക്ഷിയെ നല്ലവണ്ണമൊന്നു പരിശോധിച്ചിട്ടു പറയുക; ഇതിൽ പബ്ലിക്കു് എങ്കപയറിക്കു വല്ല സ്ഥാനവുമുണ്ടോ എന്നു്. പബ്ലിക്കു് എങ്കപയറിക്കു എന്തൊരു സ്ഥാനമാണുള്ളതു്? ഇവിടത്തേക്കാൾ ജനകീയഭരണം വളരെ നന്നായി നടക്കുന്ന നമ്മുടെ അയൽപക്കത്തു എത്ര പബ്ലിക്കു് എങ്കപയറികൾ നടത്തീട്ടുണ്ടു്? ഇതിനൊരവസാനമുണ്ടോ? ഇത്രയും കാമ്പില്ലാത്ത ഒരു സംഗതി വേറെയുണ്ടോ? കുറച്ചുകാലംകൂടി കഴിഞ്ഞാൽ ഇതിന്റെ ഘനം കുറച്ചുകൂടിപ്പോകും. ഒരു പൊളിറ്റിക്കൽ പാർട്ടിക്കു ഫീൽഡിൽ ഇറങ്ങുമ്പോൾ ഇതൊക്കെ കൂടാതെ കഴികയില്ല. ആത്മാർത്ഥമായി നാം വിശ്വസിക്കാത്ത പല സംഗതികളും പൊളിറ്റിക്കൽ പ്രവർത്തനത്തിനു സ്വീകരിക്കേണ്ടിവരുമെന്നു അതിൽകിടന്നു പെരുമാറിയവർക്കറിയാം. കൊച്ചിരാജ്യത്തിന്റെ ഭരണകാര്യത്തിൽ ഈ കാര്യം നിസ്സാരമായ ഒന്നാണു്. എന്റെ സ്നേഹിതൻ മിസ്റ്റർ അഹമ്മദ് പറഞ്ഞമാതിരി മട്ടാഞ്ചേരിയിൽ വെടിവെപ്പുണ്ടായി. തുലാം ഫ്രം ദ വൈകുന്നേരം എത്ര സാധുക്കൾക്കു തല്ലുകൊണ്ടു? അതിനുമുമ്പു് എത്ര സാധുക്കൾക്കു തല്ലുകൊണ്ടു? അന്നു് ഉച്ചക്കു് ഈറോഡിൽവച്ചു എത്ര ആളുകൾക്കു തല്ലുകൊണ്ടു? എന്തുകൊണ്ടു് അതിനെ ബോട്ടജട്ടി ഇൻസിഡന്റ് എന്നു പറയുന്നില്ല? ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. രാജേന്ദ്രമൈതാനത്തിലെ സംഭവം മാത്രമാണു് പ്രധാനമായി കല്ലിച്ചു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ശവമ്മെണ്ടിന്റെ സവ്വ് ചുമതലയോടും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടി ഞാൻ പറയുന്ന ഗവമ്മെണ്ടിന്റെ ദുഷ്ടിയിൽ ഇതു വെറും നിസ്സാരമായ ഒരു കാര്യമാണെന്നു്. ഇത്ര നിസ്സാരമായ ഈ സംഗതി ഇനിയും വാദപ്രതിവാദത്തിനു കൊണ്ടുവന്നു പ്രക്ഷോഭണം കൂട്ടാതെ ഇരിക്കുകയാണു കൊച്ചിരാജ്യത്തിന്റെ ഭാവിക്കുതന്നെ നല്ലതു്. ഈ രാജ്യത്തിന്റെ ഭാവിക്കുവേണ്ടിയാണു്, ക്ഷേമത്തിനുവേണ്ടിയാണു്, അല്ലാതെ എന്റെ സ്വന്തം രക്ഷക്കുവേണ്ടിയല്ല പരമാധികാരം പ്രയോഗിച്ചിട്ടുള്ളതു്. എന്റെ സ്വന്തം രക്ഷക്കുവേണ്ടിയാതൊരു പരമാധികാരവും ഞാൻ പ്രയോഗിച്ചിട്ടില്ല.

ഇനി ഞാൻ മറ്റൊരു സംഗതിയിലേക്കു പ്രവേശിക്കട്ടെ. ഫ്റാഞ്ചൈസ്സു് കമ്മിറ്റിയുടെ റിപ്പോർട്ടു് അഡൈസറി കമ്മിറ്റി എന്നാണു റിപ്പോർട്ടു് ചെയ്തതു്? ഞാൻ എന്റെ സ്നേഹിതന്മാർ മൂന്നാളോടുംകൂടി ഒരു രഹസ്യം ചോദിക്കട്ടെ. അതു റിപ്പോർട്ടു് ചെയ്യുന്ന കാലത്തു നിങ്ങൾക്കു് ആത്മാർത്ഥമായി വിശ്വാസമുണ്ടായിരുന്നോ ഫ്രാ-ൽ എലക്ഷൻ നടക്കുമെന്നു്? ഇല്ലായെന്നു ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പ്രസംഗിച്ചതായി റിപ്പോർട്ടുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഫ്രാഞ്ചൈസ് മേടത്തിൽതന്നെ എലക്ഷൻ നടക്കുമെന്നു പലസ്ഥലത്തും ഞാൻ പ്രസംഗിച്ചിട്ടുണ്ടു്.

റാവുബഹദൂർ ടി. കെ. നായർ: ഫ്രാഞ്ചൈസ്-ൽ എലക്ഷൻ നടക്കുകയില്ലെന്നു് ചെറായിൽവച്ചു പ്രസംഗിച്ചിട്ടില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ അങ്ങിനെ പ്രസംഗിച്ചിട്ടില്ല.

റാവുബഹദൂർ ടി. കെ. നായർ: നിങ്ങൾ പറഞ്ഞതു ഞാൻ വിശ്വസിച്ചിരിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: ഞങ്ങൾ വിട്ടുപോന്ന സ്റ്റേജു് നോക്കുകയാണെങ്കിൽ ഫ്റാഞ്ചൈസ് കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനം ഉത്സാഹത്തോടുകൂടി നടത്താൻ സാധിച്ചിരുന്നു എങ്കിൽ ഈ മേടമാസത്തിൽതന്നെ എലക്ഷൻ നടത്താൻ സാധിക്കുമായിരുന്നു.

റാവുബഹദൂർ ടി. കെ. നായർ: ഇന്നേവരെയുള്ള തെറ്റൊക്കെ ഞാൻ സമ്മതിക്കാം. പക്ഷെ ഇതിന്റെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടുകളും നാം ഉദ്ദേശിച്ചുമാതിരിയല്ല വന്നുചേർന്നിരിക്കുന്നതു്. ലിസ്റ്റു് തയ്യാറായിട്ടില്ല, അതു തയ്യാറായാൽ മറ്റു കാര്യങ്ങളും വേഗം നടക്കും.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോഴത്തെ മന്ത്രിസഭ നീട്ടിക്കൊണ്ടു പോകണം എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലായിരിക്കാം ഇതിനു താമസം വരുത്തുന്നതു്. അതു വേറെ ചില കാര്യംകൊണ്ടായിരിക്കും.

റാവുബഹദൂർ ടി. കെ. നായർ: തുലാം പത്താംതിയതി മുതൽ വൃശ്ചികമാസം പതിനാറാംതീയതിവരെയുള്ള താമസമാണുള്ളതു്. അതായതു പുതിയ മന്ത്രിസഭ രൂപീകരിച്ചതിനു ശേഷമുള്ള താമസം.

മിസ്റ്റർ കെ. അയ്യപ്പൻ: ഇനിയും ഈ കാര്യത്തിൽ ശരിയായ പ്രവർത്തനം നടത്തുകയാണെങ്കിൽ മേടത്തിൽ അല്ലെങ്കിൽ ഇടവത്തിൽ എലക്ഷൻ നടത്താൻ സാധിക്കുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം.

റാവുബഹദൂർ ടി. കെ. നായർ: അഡൽട്ട് ഫ്റാഞ്ചൈസ്സു് എലക്ഷൻ ശരിയായി നടത്തിക്കൊണ്ടുപോകാനുള്ള പ്രവർത്തനത്തിൽ പല ബുദ്ധിമുട്ടുകളും വന്നേക്കും. അതുകൊണ്ടു് അതു ഇടവത്തിൽ എന്നുള്ളതു ചിങ്ങമാസത്തിൽ ആയിപ്പോയാൽ എന്തൊരു വിഷമമാണു വരാനുള്ളതു്? മനഃപൂർവ്വം നീട്ടിക്കൊണ്ടുപോകണമെന്നു യാതൊരു ഉദ്ദേശവുമില്ല. അങ്ങിനെയുള്ള ഉദ്ദേശമുണ്ടെന്നു് ഒരുകാലും ധരിക്കരുതു്. ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനം നടത്താൻ താമസിക്കുന്നുണ്ടെങ്കിൽ അതിനു കാരണമുണ്ടു്. കൊച്ചിരാജ്യത്തെ സകല സമുദായക്കാർക്കും തൃപ്തിവന്നിട്ടുള്ള ഒരു ഫ്റാഞ്ചൈസ് കമ്മിറ്റി റിപ്പോർട്ടാണോ ഉണ്ടായിട്ടുള്ളതു്? കമ്മിറ്റിയുടെ റിപ്പോർട്ടു് അങ്ങിനെതന്നെ പാസ്സാക്കണം എന്നുള്ള നിലയാണു് ഉള്ളതെങ്കിൽ അതു ചെയ്യാത്തതിൽ ഞങ്ങൾ തെറ്റുകാരാണു്. എന്നാൽ ഈ റിപ്പോർട്ടു് ഗവമ്മെണ്ടിന്റെ കയ്യിൽ കിട്ടിയാൽ അതിനെ സംബന്ധിച്ചു് എല്ലാ സമുദായക്കാർക്കുമുള്ള അഭിപ്രായങ്ങളും കേട്ടു വേണ്ടപോലെ കാര്യം തീരുമാനിയ്ക്കാനുള്ള ഒരു പരമാധികാരം, ഒരു ചുമതല ഗവമ്മെണ്ടിനുണ്ടു്. എന്റെ മാന്യ സ്നേഹിതൻ ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ മിസ്റ്റർ അയ്യപ്പനോടു ഞാൻ ഒന്നു ചോദിക്കട്ടെ, ഈ റിപ്പോർട്ടുകൊണ്ടു് ഏതൊരു സമുദായമാണു തൃപ്തിപ്പെട്ടിരിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: എല്ലാ സമുദായത്തേയും പരമാവധി തൃപ്തിപ്പെടുത്തി ഗവ മ്മെണ്ടിനു് ഒന്നും ചെയ്യാൻ സാധ്യമല്ല. ഗവമ്മെണ്ടിനു തോന്നുകയാണെങ്കിൽ അതു ചെയ്യാൻ സാധിക്കും.

റാവുബഹദൂർ ടി കെ. നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. എന്നാൽ ഒരു കാര്യം പറയട്ടെ. ഈ വിഷയത്തിൽ വളരെയധികം തലചെലുത്തി ആലോചിച്ചിട്ടുള്ള അന്നത്തെ ക്യാബിനറ്റ രാജിവെച്ചശേഷം ഞങ്ങളിൽ ചില കൂട്ടർ വന്നു അതു് ഏറ്റെടുത്തു. ഞങ്ങളുടെ അഭ്യർത്ഥനയ് രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള ഓരോ സമുദായങ്ങളിൽനിന്നും ഇതിനെ സംബന്ധിച്ചു് ആവലാതികളും വരുന്ന അവസരത്തിൽ ഞങ്ങൾ എന്താണു ചെയ്യേണ്ടതു"? ഞങ്ങൾ മന്ത്രിസഭ രൂപീകരിച്ചതിനു ശേഷമുള്ള ഈ ഒരു മാസം കൊണ്ടു് ഫ"റാഞ്ചൈസ"കാര്യം കൊച്ചീരാജ്യത്തെ ഓരോ സമുദായക്കാർക്കും തൃപ്തികരമായവിധം തീരുമാനിയ്ക്കാൻ, ഓരോ സമുദായക്കാർക്കും ഇത്ര വീതം സീറ്റു വേണമെന്ന കാര്യം നിശ്ചയിക്കാൻ ഡീലിമിറ്റേഷൻ കമ്മിറ്റിയ്ക്കു കഴിഞ്ഞിട്ടില്ല. എല്ലാ സമുദായങ്ങളുടേയും ആവലാതികളും ഡെപ്യൂട്ടേഷനും വന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ആഴ്ചയിലാണു് രണ്ടു വലിയ സമുദായക്കാരുടെ ഡെപ്യൂട്ടേഷൻ വന്നതു്. അവരോടു സമാധാനം പറഞ്ഞതു് ഫ"റാഞ്ചൈസ"കമ്മിറ്റി റിപ്പോർട്ടു് ഇപ്പോൾ കാൻ പറയുകയാണെങ്കിൽ എലക്ഷൻ നീണ്ടുപോകുമല്ലോ എന്നാണു". വല്ലപ്രകാരത്തിലും എലക്ഷൻ നടത്തീട്ടു ഞങ്ങൾക്കെന്താണു കാര്യം? ഞങ്ങൾക്കു് എലക്ഷൻ മാത്രം പോരാ, ഞങ്ങളുടെ അവകാശങ്ങളും സ്ഥാപിച്ചുകിട്ടണം എന്നാണു് അവർ പറഞ്ഞതു്. ഈ വാദത്തിനിടയിൽ ഒരു ഭാഗത്തിൽനിന്നു പറയുന്നതു് ഇടവം ചാ ഫ്രാഞ്ചൈസ് ആവണമെന്നു് എലക്ഷൻ അവസാനിപ്പിക്കണമെന്നാണു". അതു് ചാ ചാ ഫ്രാഞ്ചൈസ് ആക്കിയാൽ ഈ മന്ത്രിസഭ തെറ്റുകാരായി. കൊച്ചീരാജ്യം മുഴുവൻ അറിയാൻ വേണ്ടിയാണു ഞാൻ പറയുന്നതു്. ഞങ്ങൾക്കു് എലക്ഷൻ നീട്ടേണ്ട ആവശ്യമില്ല. ഇപ്പോഴത്തെ ഫ"റാഞ്ചൈസ" കമ്മിറ്റി റിപ്പോർട്ടിന്മേൽ കൊച്ചിയിലെ ഒരു സമുദായത്തിനും യാതൊരാവലാതിയുമില്ലെന്നും എല്ലാ സമുദായക്കാർക്കും അതിൽ പരിപൂർണ്ണമായ തൃപ്തിയുണ്ടെന്നും പറയുകാണെങ്കിൽ വരുന്ന മേടമാസത്തിൽതന്നെ എലക്ഷൻ നടത്താൻ ക്യാബിനറ്റ് ഏർപ്പാടുചെയ്യാം.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ സ്ഥിതിക്കു് എന്നാണു് എലക്ഷൻ നടക്കുക?

റാവുബഹദൂർ ടി. കെ. നായർ: ഇത്ര പെട്ടെന്നു നടന്നിട്ടെന്തു വേണം? കൊച്ചീരാജ്യം മുഴുവൻ ഒരു കക്ഷിയുടെ തലയിലാണെന്നു ഭാവിച്ചുകൊണ്ടു് ഒരു തീരുമാനമുണ്ടാക്കിയാൽ അതു കൊള്ളാമോ? വളരെ ചുമതലയുള്ള ഒരു പ്രൈംമിനിസ്റ്റർ എന്ന നിലയിലാണു ഞാനിതു ചോദിക്കുന്നതു്. വളരെ ഉച്ചത്തിലുള്ള പ്രസംഗങ്ങൾ കേട്ടാലൊന്നും ഈ ക്യാബിനറ്റിനു പരിഭ്രമമില്ല. ഞങ്ങൾ കൊച്ചീരാജ്യത്തെ പ്രതിനിധീകരിക്കുന്നില്ലെന്നു വേണമെങ്കിൽ പറഞ്ഞുകൊൾക. ഇല്ലെന്നു ഞാനും പറയുന്നു. പക്ഷെ, ഞാൻ ഒന്നു ചോദിയ്ക്കട്ടെ. പ്രജാമണ്ഡലത്തിൽ എത്ര മെമ്പർഷിപ്പുണ്ടു്, എസ്.എൻ ഡി.പി. യോഗത്തിൽ എത്ര മെമ്പർഷിപ്പുണ്ടു്, തുക്കാണം കൊച്ചീരാജ്യത്തിന്റെ മുഴുവൻ പ്രാതിനിദ്ധ്യമുള്ളതു"? ആരു പറയുന്നതാണു ഞങ്ങൾ സ്വീകരിക്കേണ്ടതു"? നിങ്ങൾക്കു വേണമെങ്കിൽ കൊച്ചീരാജ്യത്തുള്ള ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിക്കാൻ സാധിക്കും തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുകയാണു ഞങ്ങളുടെ ആവശ്യമെന്നു". അങ്ങിനെ വിശ്വസിക്കുന്നവർ വിശ്വസിച്ചുകൊള്ളട്ടെ. ഞാൻ വേറെ ഒന്നു ചോദിക്കട്ടെ. സർ, വരുന്ന മേടമാസത്തിൽ എലക്ഷൻ നടത്തിയില്ലെങ്കിൽ കൊച്ചീരാജ്യത്തിന്റെ ഭാവി മുഴുവൻ തകർന്നുപോകുമെന്നു വിശ്വസിക്കുന്നവർ ഈ രാജ്യത്തിന്റെ പ്രാധിനിദ്ധ്യം മുഴുവൻ തലയിൽ വെച്ചിട്ടുള്ളവർ എന്തിനാണു രാജിവെച്ചുപോയതു"? കൊച്ചിയുടെ ഭാവി തീരുമാനിക്കുന്ന ഒരു ഘട്ടം, കൊച്ചിയിലെ ഫ്രാഞ്ചൈസ് തീരുമാനിക്കുന്ന ഒരു ഘട്ടം, ഇങ്ങിനെയുള്ള ഘട്ടത്തിൽ നിങ്ങളെന്തിനു രാജിവെച്ചുപോയി? കൊച്ചിയിലെ ഏകരാഷ്ട്രീയ സംഘടനയാണു് പ്രജാമണ്ഡലം എന്നും മറ്റും കേൾക്കുന്നുണ്ടു". ഈവക ശബ്ദങ്ങളും പ്രയോഗിക്കാൻ വിരോധമില്ല, പക്ഷെ അതു ടി. കെ. നായരോടു ഫലിക്കുകയില്ല. ന്യായം പ്രവർത്തിച്ചാൽ ശബ്ദത്തിനു വിലയില്ല. ശബ്ദത്തിനേലാണു ന്യായം നില്ക്കുന്നതെന്നു വിചാരിക്കരുതു്. രാജ്യം ശരിക്കു ഭരിക്കേണ്ട ചുമതലയോടുകൂടിയാണു ഞാൻ ഇതു പറയുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്: സർ. സി. പി. യും ഇതു പറഞ്ഞിട്ടുണ്ടു്.

റാവുബഹദൂർ ടി. കെ. നായർ: അതുമാതിരിയുള്ള ഒരു സി. പി. യാണു് ഞാൻ എന്നു വച്ചുകൊള്ളുക. എന്നെ സി. പി. എന്നോ, ഹിറ്റ്ലർ എന്നോ വിളിച്ചുകൊള്ളുക.

LIBRARY ARCHIVES Kerala Legislative Assembly

എന്തുവിളിച്ചാലും രാജ്യത്തു സമാധാനം സ്ഥാപിക്കുന്നതിനു് എന്തൊക്കൊ ചെയ്യണമോ അതൊക്കെ ഞാൻ ചെയ്യും. കൊച്ചുകുട്ടികളെപ്പോലെ പെരുമാറണമെന്നു വിചാരിക്കുന്നതു ജനദ്രോഹമാണു്. എലക്ഷൻ നീട്ടേണ്ട യാതൊരു ഉദ്ദേശവും ഞങ്ങൾക്കില്ല. എലക്ഷൻ വല്ലതരത്തിലും നടത്തിയാൽ പോരാ, ഭംഗിയായി നടത്തണം എന്നുള്ളതാണു് ഉദ്ദേശം. നാളെതന്നെ ഒരു കോൺഫറൻസു് വിളിച്ചുകൂട്ടി അതിൽവച്ചു സർവ്വസമുദായക്കാരും യോജിച്ചുകൊണ്ടുള്ള ഒരു തീരുമാനം ചെയ്യുക. ആ തീരുമാനത്തെ അനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാണു്. സർവ്വ സമുദായക്കാർക്കും തൃപ്തിയായിട്ടുള്ള ഒരു തീരുമാനമുണ്ടാക്കിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്ന ഗവൺമെണ്ടാണിതു്. ഞങ്ങിനെ ഒരു തീരുമാനം വന്നാൽ വരുന്നേടത്തിൽ തന്നെ എലക്ഷൻ നടത്താൻ സാധിക്കും. ഈ കാര്യം വേണമെങ്കിൽ ഞാൻ എഴുതിത്തരാൻ തയ്യാറാണു്. ഒരു ദുർഘടസന്ധിയിൽ വന്നുപെട്ട ഒരാളാണു ഞാൻ. അതു നിങ്ങൾക്കു് ഇതുവേണ്ടാ എന്നു തോന്നി. എന്നാൽ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഈ സ്ഥാനത്തിനു വീണ്ടും ഒരു ഭ്രമംതോന്നി. ഉപേക്ഷിക്കുമ്പോഴാണു് സാധാരണ കൂടുതൽ ഭ്രമംതോന്നുക. അതുകൊണ്ടു 2½ മാസും കഴിഞ്ഞു നിങ്ങൾക്കിങ്ങനെ ഒരുഭ്രമം തോന്നിയതു രാജ്യത്തിനുശ്രേയസ്സാണു് അതിനാൽ ഈ അവിശ്വാസപ്രമേയം നിങ്ങൾ പിൻവലിക്കേണ്ടാ. എന്റെ മാന്യസ്നേഹിതൻ അതു പ്രസ്താവിച്ചുകൊള്ളുക. എനിക്കിതു വളരെ സന്തോഷമാണു്. ഞാൻ അപ്രത്തുവന്നാലും എന്റെ സകല സഹകരണവും നിങ്ങൾക്കുണ്ടാകും. എതായാലും എലക്ഷൻ നീട്ടികൊണ്ടുപോകാനുള്ള ഉദ്ദേശമില്ല. രാജേന്ദ്രമൈതാനത്തെ സംബന്ധിച്ചുള്ള ഗവൺമെണ്ടിന്റെ നിലയും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അഡൈ്വസറി ഭരണം വരണമെന്നു ഞങ്ങൾക്കാഗ്രഹമില്ല. അതിനുവേണ്ടി ഞങ്ങൾ വേലചെയ്യുന്നുമില്ല. അതു വരാതിരിക്കാൻ വേണ്ടിയാണു ഞങ്ങൾ ഈ സ്ഥാനം സ്വീകരിച്ചതു് എന്നു സർവ്വകക്ഷികളും ധരിച്ചിട്ടുണ്ടാകും. രാജേന്ദ്രമൈതാന സംഭവത്തിനു വിചാരിക്കാത്ത തരത്തിലുള്ള പ്രാധാന്യം കല്പിച്ചു വഴിപിഴച്ചു പ്രചരണം നടത്തി അടുത്തതിരഞ്ഞെടുപ്പിനു തയ്യാറാകുക എന്നുള്ള ഒരു കാര്യം മാത്രമാണു ഇതിൽ ഉള്ളതു്. ഇത്രമാത്രമെ എനിക്കു സംസാരിക്കുവാനുള്ളൂ.

മിസ്റ്റർ പി. ടി. ജേക്കബ്: രാജേന്ദ്രമൈതാനത്തു യോഗംകൂടാൻ പാടില്ലെന്നു പോലീസ്സു് കല്പനയുണ്ടായിരുന്നോ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ അറിവിൽ ഉണ്ടായിരുന്നില്ല.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി എന്റെ മാന്യസ്നേഹിതൻ കൊച്ചിയിലെ പ്രധാനമന്ത്രി, തനിക്കുണ്ടെന്നു വിചാരിക്കുന്ന ഉത്തരവാദിത്വത്തിന്റെ തികവോടുകൂടി, ഈ സഭയിലെ പ്രതിപക്ഷത്തിന്റെ നേതാവു് എന്നനിലയിൽ ഞാൻ കൊണ്ടുവരുന്ന അവിശ്വാസപ്രമേയത്തിനു മറുപടിയായി ചെയ്ത പ്രസംഗത്തിൽ ആപാദചൂഡമടങ്ങിയിരിക്കുന്ന കുവിഷലിപ്തമായ പദപ്രയോഗങ്ങൾക്കു് അർഹിക്കുന്ന അവജ്ഞയോടുകൂടി മറുപടിപറയുന്നതിനു് ഈ സന്ദർഭത്തെ ഉപയോഗിക്കാൻ ഞാൻ തീർച്ചയാക്കിയിരിക്കുന്നു. ഈ അവിശ്വാസപ്രമേയമവതരിപ്പിച്ചതിനെത്തുടർന്നു് ശ്രീമാൻ ലൂയിസും, ശ്രീമാൻ കുമാരനെഴുത്തശ്ശനും ഉശിരോടുകൂടി പറഞ്ഞിട്ടുള്ള സംഗതികളെ ഇവിടെ സ്പർശിപ്പിണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിൽ പല സംഗതികളിലും വഴങ്ങിക്കൊടുക്കേണ്ടതുണ്ടാവും, പലതിനും സമാധാനം പറയേണ്ടതുണ്ടാവും. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ അതു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഞാൻ അവയെ നിസ്സാരമാക്കുന്നു എന്നു് തെറ്റിദ്ധരിക്കരുതു്.

രാജേന്ദ്രമൈതാനത്തുണ്ടായ സംഭവത്തെക്കുറിച്ചു പ്രധാനമന്ത്രിയുമായി ഒരു വാദപ്രതിവാദം കൂടാതെ കഴിക്കാൻ എത്രതന്നെ പരിശ്രമിച്ചിട്ടും അതുകൂടാതെ കഴികയില്ല എന്നു—ഇതു് എന്നെപ്പോലെ ഈ സഭയ്ക്കും ബോദ്ധ്യംവന്നിട്ടുണ്ടാവുമെന്നാണു് എന്റെ വിശ്വാസം.—രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു പറഞ്ഞയവസരത്തിൽ നിയമസമാധാനപാലനത്തിൽ താൻ മുതലപ്പെട്ട മൂലമാണു് അവിടെ അങ്ങിനെ സംഭവിച്ചതു് എന്നു അദ്ദേഹം പറഞ്ഞു. നിയമസമാധാനം പാലിക്കുന്നതു് രാജേന്ദ്രമൈതാനത്തു് അന്നു രാത്രിയുണ്ടായ വിധത്തിലാണെങ്കിൽ, കൊച്ചിയിലെ ജനങ്ങളുടെ നാമധേയത്തിൽ ഞാൻ പറയുന്നു ഈ നിയമസമാധാനപാലനം ഞങ്ങൾക്കു വേണ്ടെന്നു്. നിയമസമാധാനപാലനമെന്നു പറയുന്നതു പോലീസുകാർക്കു നിയമം ലംഘിക്കാനുള്ള ഒരു അവസരമല്ല;

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

നിയമസമാധാനം എന്നു പറയുന്നതു രാജ്യത്തിലെ ജനങ്ങൾക്കു യോഗം ചേരുവാനും അഭിപ്രായം പറയുവാനും ഉള്ള അവകാശത്തെ പാടേ തള്ളലല്ല. ഒരു കാര്യത്തെപ്പറ്റി ഒരാൾക്കു എത്രമാത്രം തെറ്റായ അഭിപ്രായമുണ്ടായാലും അതു് പറയുന്നതിനുള്ള അവകാശം ഈ രാജ്യത്തുണ്ടു്. അതുകൊണ്ടു് അങ്ങിനെയുള്ള യോഗം ചേരുമ്പോൾ അതിൽ പറയുന്നതു തങ്ങൾക്കു് അതൃപ്തികരമാണെന്ന കാരണംകൊണ്ടു അതിൽ പറയുന്നതു തങ്ങൾക്കു സ്വീകാര്യമല്ലായെന്നുള്ള കാരണംകൊണ്ടു നിയമസമാധാനപാലനത്തിനുള്ള ചുമതലയുടെ നാമധേയത്തിൽ അന്നു ചില വ്യക്തികൾ നടത്തിയതു നിയമസമാധാനമാണെന്നാണു പ്രധാനമന്ത്രിയുടെ ധാരണയെങ്കിൽ അദ്ദേഹം നിയമസമാധാന പാലനത്തിനു് അപ്രാപ്തനാണെന്നു ഞാൻ പറയുന്നു. ഒരു നൂറാണ്ടു മുമ്പു് നിയമസമാധാനം പാലിച്ചിരുന്നതു് ഇപ്രകാരത്തിലാണു്. ഇങ്ങിനെയുള്ള ധാരണയും, ഇങ്ങിനെയുള്ള രാജ്യതന്ത്രജ്ഞാനവും ഉള്ള ഭരണാധികാരികൾ ഇതിനുമമ്പുണ്ടായിട്ടുണ്ടു്. പക്ഷെ ഇതു അധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഉള്ളവക്കു അധികം കാലം ഉണ്ടെന്നും തോന്നുന്നില്ല. രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചു് ഒരുപരിസ്യാന്വേഷണം വേണമെന്നു പറയുമ്പോൾ അതിനെ അഴീക്കോട്ടു് അന്വേഷണത്തോടു താരതമ്യപ്പെടുത്തുന്നതു് അദ്ദേഹം മനപൂർവ്വമായിട്ടാണു്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവില്ലായ്മയുടെ പരിധിയെയാണു് അതു കാണിക്കുന്നതു്. എന്തായിരുന്നു അവിടെ നടന്നതു്? പോലീസുകാർ തല്ലിയെന്നായിരുന്നില്ല അവിടത്തെകേസു്. അഴീക്കോട്ടു് ഏതൊ ഒരു വ്യക്തിയും അദ്ദേഹത്തിന്റെ കിങ്കരന്മാരും സേവകന്മാരും കൂടി എതാനും ചില പൊതുപ്രവർത്തകന്മാരെ തല്ലിച്ചു എന്നായിരുന്നു ആക്ഷേപം. അതിനെ സംബന്ധിച്ചുണ്ടായ അനന്തരനടപടികളിൽ ആ വ്യക്തിയെ ഒഴിവാക്കി എന്നായിരുന്നു ആക്ഷേപം. അതുകൊണ്ടു് ആ വ്യക്തിയെക്കൂടി ഉൾപ്പെടുത്തണം കേസിൽ, എന്നായിരുന്നു ഞാനും അദ്ദേഹവും ഈ നിയമസഭയിൽ അന്നദ്യോഗസ്ഥപക്ഷത്തുനിന്നു് വാദിച്ചതു്. ആ വാദം ശരിയാണെന്നു് സ്വീകരിച്ചപ്പോൾ അതനുസരിച്ചു് പ്രവൃത്തിക്കണമെങ്കിൽ അദ്ദേഹത്തെ വിചാരണചെയ്യുവാൻ ഒരു കോടതി വെയ്ക്കുകയല്ലാതെ നിവൃത്തിയില്ല.

റാവുബഹദൂർ ടി. കെ. നായർ : പബ്ലിക്കു് എക്സ്പയറി വേണമെന്നു് പറഞ്ഞില്ലെ നിങ്ങൾ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഖാൻസാഹിബു് അലിക്കുഞ്ഞി തെറ്റു് ചെയ്തു എന്നു് ബോദ്ധ്യമാവുകയാണെങ്കിൽ, അന്നത്തെ Advocate-General ആയിരുന്ന ഇന്നത്തെ Constitutional Adviser നെ ഉപദേശിച്ചതനുസരിച്ചു്, ജനങ്ങളുടെ അഭിലാഷം നടപ്പിൽ വരുത്തണമെങ്കിൽ, ഒരു കോടതി വെക്കുകയല്ലാതെ നിവൃത്തിമാർഗ്ഗമില്ലെന്നു് വന്നതുകൊണ്ടാണു് അഴിക്കോട്ടെ കാര്യത്തിൽ ഒരു കോടതി വെച്ചതു്. നേരെമറിച്ചു് രാജേന്ദ്രമൈതാനസംഭവം അങ്ങിനെയല്ല. രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു് നിലവിലുള്ള കേസ്സുകൾ നടത്തുന്നതു തെറ്റാണെന്നാണു് എന്റെവാദം.—Sub-judice അല്ല—കേസ്സു് നടത്തുവാൻ പാടില്ലെന്നു് പറയുന്നതേയുള്ളു. അതിനു് പകരം Special First Class Magistrate നെ വെക്കാമെന്നു് പറഞ്ഞതു്, ഈ നിയമസഭയിൽ ഉള്ളവക്കല്ല, ഗാലറിയിൽ ഉള്ളവക്കു് വേണ്ടിയാണെന്നു് ഞാൻ വിശ്വസിക്കുന്നു. എന്നാൽ രാജേന്ദ്രമൈതാന സംഭവത്തിൽ ഞാൻ ആവശ്യപ്പെട്ടതു് എന്താണു്? ജനങ്ങൾ ആവശ്യപ്പെടുന്നതെന്താണു്? അന്നു് അവിടെ ഉണ്ടായ അനിഷ്ട സംഭവങ്ങൾക്കു് കാരണമാക്കിയ തുലിക നിക്ഷിപ്തമായിരുന്ന ഹസ്തങ്ങൾ ആരുടെയാണൊ, അവരെ ശിക്ഷിക്കുന്നതിനു് ഒരു enquiry വേണമെന്നതാണു് ആവശ്യം. അതും അഴീക്കോട്ടെ സംഭവങ്ങളെ തുടർന്നുണ്ടായ enquiry യും ഒരു പോലെയല്ല. എട്ടപത്തുകൊല്ലങ്ങൾക്കു് മുമ്പു് ഈ എറണാകുളം പട്ടണത്തിൽ ചില സർക്കാരുദ്യോഗസ്ഥന്മാർ അഴിമതി ചെയ്തതായി ആക്ഷേപമുണ്ടായപ്പോൾ അന്നു് ഷൺമുഖംചെട്ടി നിയമജ്ഞനും, ഒരു പെൻഷൻ ഉദ്യോഗസ്ഥനുമായ സി. വി. ആൻറണിയെ അന്വേഷണത്തിനു വെക്കുകയും, അദ്ദേഹത്തിന്റെ റിപ്പോർട്ടനുസരിച്ചു് executive action എടുക്കുകയുമാണു് ചെയ്തതു്. കൊച്ചിയിൽ ഇതൊന്നും പുത്തനല്ല. സർക്കാർ ഉദ്യോഗസ്ഥന്മാർ തെറ്റു ചെയ്തു എന്നുവെച്ചാൽ, അതിനെ സംബന്ധിച്ചു് ഒരു euquiry വേണമെന്നു് പറഞ്ഞാൽ, അഴീക്കോട്ടു ഒരു വ്യക്തിയുടെ പേരിലുണ്ടായ ആക്ഷേപങ്ങൾക്കായി ഒരു കോടതി വെച്ചതുപോലെ പോരെ എന്നു് ചില കടലാസ്സുകളിൽ ചിലർ എഴുതിയതായി വായിച്ചതു് പ്രധാനമന്ത്രി ഇവിടെ ആവർത്തിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആ അഭിപ്രായത്തെ ഏറ്റവും ശക്തിപൂർവ്വം ഇവിടെ പ്രകടിപ്പിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. ആ അഭിപ്രായമാണു്

LIBRARY ARCHIVES Kerala Legislative Assembly

ദ്ദേഹത്തിന്നുള്ളതെന്നു് ഇവിടെ അറിയിച്ചതിൽ കൊച്ചിയിലെ ജനങ്ങൾ സംതൃപ്തി അടഞ്ഞുകൊള്ളും. പക്ഷെ എന്റെ ആവശ്യം ഇതാണു്.

റാവുബഹദൂർ ടി. കെ. നായർ : എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതുതന്നെ. നിങ്ങൾക്കു് അതു് ചെയ്യാൻ സാധിക്കയില്ലെങ്കിൽ, നിങ്ങളിൽ എനിക്കു് വിശ്വാസമില്ലെന്നു പറയും. ഈ പാർട്ടിൽ സാധിക്കുന്നതിന്നുള്ള പ്രവർത്തികളെടുക്കും. അതിനെ എന്തെല്ലാം വിധത്തിൽ ആക്ഷേപിച്ചാലും അതിനു് എന്തെല്ലാം വിധത്തിലുള്ള മറുപടി പറഞ്ഞാലും, അതു് ചെയ്യുകതന്നെ ചെയ്യും. എന്റെ ദൃഢമായ വിശ്വാസത്തിൽ, ഉറച്ച വിശ്വാസത്തിൽ അവിടെ നടന്ന സംഭവങ്ങൾ നിയമ സമാധാനത്തിന്നാവശ്യമില്ലെന്നും, അവിടെ നടന്ന സംഭവങ്ങളെ തുടർന്നുണ്ടായ കേസ്സുകൾ പിൻവലിക്കേണ്ടതു് ഒരു നല്ല ഗവർമ്മേണ്ടിന്റെ നില നില്പിന്നു് ആവശ്യമാണെന്നും, അവിടെ പോലീസുകാർ അക്രമം പ്രവർത്തിച്ചു എന്നു് ജനങ്ങൾ വിശ്വസിക്കുമ്പോൾ, പോലീസുകാരുടെ നേരെയുള്ള ആക്ഷേപങ്ങളിൽ അവർ നിരപരാധികളാണെങ്കിൽ അവരെ രക്ഷിക്കേണ്ടതും, അപരാധികളാണെങ്കിൽ അവരെ ശിക്ഷിക്കേണ്ടതിന്നു വേണ്ടി ഒരുപബ്ലിക്കു് എൻക്വയറി ആവശ്യമാണെന്നുമാണു് എന്റെ വിശ്വാസം. പ്രധാന മന്ത്രി, താൻ മരിച്ചാലും, പോലീസുകാരെപ്പറ്റി യാതൊരാക്ഷേപങ്ങളും അന്വേഷിക്കാൻ തയ്യാറില്ലെന്നു് അത്യന്തം തോന്നാത്തക്ക വിധത്തിൽ ഇവിടെ സംസാരിക്കുകയുണ്ടായി. ഇത്തരത്തിലുള്ള അദ്ദേഹത്തിന്റെ പോലീസു മനസ്ഥിതിയെക്കുറിച്ചു് പറയാതിരിക്കയല്ലാതെ നിവൃത്തിയില്ല. ഈ അവകാശം ഉന്നയിക്കുന്നതു്, പ്രമാദമണ്ഡലംകക്ഷി ഭരണം കൈയ്യടക്കിവെച്ചിരിക്കുന്നതിന്നു് വേണ്ടിയാണെന്നും മറ്റും പല പല സംഗതികളും പറഞ്ഞതിന്നു് ഞാൻ ഇപ്പോൾ മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ കൊഞ്ഞനം കാണിക്കുന്നവരുടെ നേരെ കണ്ണാടി കാണിക്കുവാൻ മാത്രം ഞാൻ ഉദ്ദേശിക്കുന്നുണ്ടു്. അവരുടെ മുഖം അവർ തന്നെ കണ്ടുകൊള്ളട്ടെ. ഈ രാജ്യത്തു് രാജ്യാന്തരമെന്തെന്നതിനെ സംഭവങ്ങളെക്കുറിച്ചു് അന്വേഷണം നടത്തുവാൻവേണ്ടി തുലാമാസം 15-ാം തിയ്യതി എന്തിനു് അധികാരം വലിച്ചെറിഞ്ഞു് കളഞ്ഞു പോയി എന്നദ്ദേഹം ചോദിച്ചുവല്ലൊ. എന്റെ പ്രസംഗവും അതിനുണ്ടായ അദ്ദേഹത്തിന്റെ മറുപടിയും ഈ ചോദ്യത്തിനു സമാധാനം പറയുന്നതാണു്. പോലീസുകാർ എന്തുതന്നെ ചെയ്താലും ചോദിക്കേണ്ടതില്ലെന്നു വിശ്വസിക്കുന്ന ടി. കെ. നായരോടുകൂടി എങ്ങിനെ യോജിച്ചു ഗവർമ്മേണ്ടു് കൊണ്ടുനടത്തും?

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ പോകാമെന്നു പറഞ്ഞില്ലെ? സർ,

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടേക്കാണു് വരുന്നതു് സർ.

കൊച്ചിയിൽ ദിവാൻപദം ഇല്ലാതായി. സർവ്വ അധികാരങ്ങളും മന്ത്രിമാരുടെ കയ്യിൽ വരുന്ന അവസരത്തിൽ ഞാൻ എന്റെ സ്നേഹിതൻ ശ്രീമാൻ ബാലകൃഷ്ണമേനോൻ കഴിഞ്ഞ നിയമസഭയിൽ ഇവിടെ നിന്നു പറഞ്ഞമാതിരി, ചേരാത്ത കാഴ്ചകളും തമ്മിൽ ചേരുന്നതുകൊണ്ടുള്ള ഏച്ചു മുഴപ്പു് വരുന്നതു്. ശ്രീമാൻ ടി. കെ. നായർ പറഞ്ഞുപോകാമെന്നു പറഞ്ഞു! പ്രഥമശ്രവണത്തിൽ ശരിയാണെന്നു തോന്നുന്ന കാഴ്ചമാണു്! എന്നാൽ കൊയലീഷൻ കോൺസ്റ്റിറ്റ്യൂഷനു് യോജിച്ചതല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഒരു കൊയലീഷൻ മന്ത്രിസഭ അധികാരത്തിലിരിക്കുമ്പോൾ അതിൽ നിന്നു് എതെങ്കിലും ഒരു പാർട്ടി പിരിഞ്ഞു പോകുകയാണെങ്കിൽ ആ മന്ത്രിസഭ തുടർന്നു പോകുക എന്നതു് Constitutional ആയിട്ടു നോക്കുമ്പോൾ ശരിയല്ല. എല്ലാവരും പിരിയേണ്ടതായ കാഴ്ചമുണ്ടു്. ഒരു പാർട്ടി അധികാരത്തിലിരിക്കുമ്പോൾ ആ പാർട്ടിയുടെ നേതാവു് പ്രധാനമന്ത്രിയായിരുന്നു് മറ്റു മന്ത്രിമാരെ സ്വീകരിക്കുന്നതുപോലെ അല്ല, ഇവിടെ ആ മന്ത്രിസഭ രൂപീകരിച്ചതു്. മൂന്നു പാർട്ടികളും കൂടിച്ചേർന്നു് തിരഞ്ഞെടുത്ത അവരുടെ നേതാക്കന്മാരും വേറെ ഒരാളുംകൂടി ചേർന്നിട്ടുള്ള ഒരു മന്ത്രിസഭയായിരുന്നു. അങ്ങിനെയുള്ള അവസരത്തിൽ എതെങ്കിലും ഒരാൾ പിരിയുക എന്നു വന്നാൽ, എല്ലാവരും പിരിയുക എന്നതു് കൂടാതെ നിവൃത്തിയില്ല.

Mr. K. Balakrishna Menon *(Minister for Food and Education):* On a point of information, Sir. You could have formed another party after our resignation. Why you failed to do so?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് വളരെ ശരിയായിട്ടുള്ള കാഴ്ചമാണു്. എന്നാൽ എനിക്കു് ഈ പാർട്ടിയുണ്ടാക്കുന്ന എപ്പാടൊന്നും അത്ര പരിചയമുള്ള കാഴ്ചയല്ല. (ചിരി)!! നേരെ മറിച്ചു് രാജിവെച്ചു ഉടനെ, 8-9 ആളുകളും ഉണ്ടായിരുന്ന ഒരു പാർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon:]

ട്ടിയിൽ, ഉടനെ ഫ ഠ-ന ഠ ആളുകളെ ചേർത്ത് ഒരു പാർട്ടിയുണ്ടാക്കി പുതിയ മന്ത്രിസഭ രൂപീകരിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. (ചിരി). അതിനുള്ള കരുത്തൊ, അതിനുള്ള വിഭവങ്ങളൊ എന്റെ കയ്യിലില്ല.

റാവു ബഹദൂർ ടി. കെ. നായർ: വിഭവങ്ങളൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല; വൈഭവം എന്നു പറയുന്നു. അതുകൊണ്ട്; സർ, ഈ മറുപടി, ഇവിടെ നടന്ന വാദപ്രതിവാദങ്ങൾക്കുള്ള മറുപടി, ഈ നിലയിൽ വേണ്ടിവരുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ഈ നിലയിൽ ഈ മറുപടിവരത്തക്കതായ interruptions ഉണ്ടാകുമെന്നു് വിചാരിച്ചില്ല. ഇത്രമാത്രമേ രാജേന്ദ്രമൈതാന സംഭവത്തെ സംബന്ധിച്ച് പറയാൻ നിവൃത്തിയുള്ളൂ. കോടതിയിൽ വിചാരണ കഴിഞ്ഞു, അതിന്റെ അപ്പീലും രണ്ടാം അപ്പീലും കഴിഞ്ഞു, പിന്നീട് ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടികളും നടത്താമെന്നു പറയുന്നതു് വിചിത്രമായ വാദമായിരിക്കുന്നു. കോടതികളിൽ നടക്കുന്ന കേസ്സുകളും, ഉദ്യോഗസ്ഥന്മാരുടെ മേൽ നടത്തുന്ന നടപടികളും തമ്മിൽ യാതൊരു ബന്ധവുമില്ല. തുലാം ഫ-ാം തിയ്യതി കഴിഞ്ഞ സംഭവം വൃശ്ചികം ഒന്നു-ാം തിയ്യതിക്കു് മുമ്പിക്കഴിഞ്ഞിരിക്കുന്നു എന്നും, ഞാൻ അതിനെ ഉയർത്തി ജ്വലിപ്പിക്കുവാൻ ശ്രമിക്കുകയാണെന്നും പറയുന്ന പ്രധാനമന്ത്രി, ഞാൻ ഒരു കൊല്ലം കഴിഞ്ഞാണു് ഇതിനെ സംബന്ധിച്ചു പറയുന്നതെങ്കിൽ എന്താണു് പറയുക എന്നു് എനിക്കു നിശ്ചയമില്ല. അതിനുവേണ്ടിവാദിച്ചവർ പറഞ്ഞതു് ഇതാണു്. എന്തൊ ചിലതു് ചിലർ പറഞ്ഞു ധരിപ്പിച്ചു് ചിലതുണ്ടായീ എന്നാണു്. ഇതിനെ സംബന്ധിച്ച കേസ്സുകൾ judicial enquiry ആണു്. അങ്ങിനെയുള്ള judicial enquiry നടത്താമെന്നു് പറയുന്നതു് എന്തൊരു പറച്ചിലാണെന്നു് എനിക്കു നിശ്ചയമില്ല. ഒരാൾ എന്നെ തല്ലി എന്നു് പറയുകയാണെങ്കിൽ കേസ്സുകൊടുത്തുകൊള്ളുക എന്നു പറയുന്നതുപോലെയാണു് അതു്. ഈ രാജ്യത്തിൽ നിയമസഭ നടക്കുമ്പോൾ ഈ രാജ്യത്തിലെ ഭരണം ഉത്തരവാദപ്പെട്ട മന്ത്രിമാരുടെ ഭദ്രഹസ്തങ്ങളിൽ അർപ്പിച്ചിരിക്കുമ്പോൾ ഉണ്ടാകേണ്ട ഒരു അനിഷ്ട സംഭവമല്ല അതെന്നു് ചിലർ വിശ്വസിക്കുന്നു. ഇന്നത്തെ പ്രധാനമന്ത്രി പറയുന്നു ഇതു് ഒരു നിസ്സാരസംഭവമാണെന്നു്. അന്നത്തെ പ്രധാനമന്ത്രി വിചാരിച്ചിരുന്നു അങ്ങിനെയല്ലെന്നു്! എന്നാൽ എന്റെ സ്നേഹിതന്മാരുടെ സഹായംകൂടാതെ എനിക്കു അധികാരത്തിൽ തുടർന്നു പ്രവർത്തിക്കുവാൻ നിവൃത്തിയില്ലായിരുന്നു. അദ്ദേഹം പോകാമെന്നു പറഞ്ഞതു് എന്റെ നിസ്സഹായാവസ്ഥയെ അറിഞ്ഞതുകൊണ്ടായിരിക്കുമെന്നു് സംശയിക്കുന്നു. എന്തായാലും ഇത്രമാത്രമേ പറയാനുള്ളൂ. കൊച്ചിയിൽ രാഷ്ട്രീയകുത്തക മുഴവൻ, കൊച്ചിയുടെ ഉത്തരവാദിത്വം മുഴവൻ പ്രജാമണ്ഡലത്തിന്റെ തലയിലാണെന്നുള്ള തെറ്റിദ്ധാരണകൊണ്ടല്ല, നിങ്ങളുടെ പഴയ നേതാജി ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇത്ര ഗൌരവമേറിയ ഒരു വാദപ്രതിവാദം ഇവിടെ നടക്കുന്ന അവസരത്തിൽ പരിഹാസസ്വരത്തിൽ സംസാരിക്കുന്നതു് എനിക്കു് മനസ്സിലാകായ്കയല്ല.

റാവുബഹദൂർ ടി. കെ. നായർ: എന്തു പദമാണു് പരിഹാസസ്വരം എന്നു് സൂചിപ്പിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: 'നേതാജി' എന്ന പദംതന്നെ. സർ, ഈ സംഭവത്തെക്കുറിച്ചു് ഇങ്ങിനെ പറയേണ്ടിവന്നതിൽ വളരെ സങ്കടമുണ്ടു്.

സർ, പിന്നെ അദ്ദേഹം പറയുകയുണ്ടായി, ഒന്നരമാസത്തെ വിയോഗംമൂലം എനിക്കു് അധികാരപത്നിയോടു് കൂടുതൽ സ്നേഹംതോന്നി എന്നു അധികാരപത്നിയെ സ്വീകരിപ്പാൻ തോന്നുന്നു എന്നു്. ചിലർക്കു വിയോഗംകൊണ്ടു് വല്ലിക്കുന്ന അനുരാഗം ചിലർക്കു് സാമീപ്യംകൊണ്ടു് വല്ലിച്ചിരിക്കുന്നു. (ചിരി) അധികാരത്തിന്റെ മദിര തലയിൽ കയറിയിട്ടായിരിക്കാം ഈ വിധത്തിലുള്ള വചനങ്ങൾ പുറത്തു വന്നതെന്നു ഞാൻ വിചാരിക്കുന്നു. ഇതിനു നിങ്ങളെ പ്രേരിപ്പിച്ചതിൽ എനിക്കു സങ്കടമുണ്ടു്. കൊച്ചിയുടെ ഭാഗധേയം ഭദ്രഹസ്തങ്ങളിലില്ല എന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

തിരഞ്ഞെടുത്തിനെപ്പറ്റി പറഞ്ഞു. തിരഞ്ഞെടുപ്പു് നീട്ടിക്കൊണ്ടു പോകുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നു് പറയുകയുണ്ടായി. എനിക്കതു വിശ്വസിച്ചാൽ കൊള്ളാമെന്നുണ്ടു്. ഫ൯ ർ ൧-ാം മാണ്ടിന്റെ ആദ്യം ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു പോകാൻ തീരുമാനിക്കുന്നതുവരെ ബ്രിട്ടീഷുകാർ ഇന്ത്യയിൽ അധികാരം നടത്തിക്കൊണ്ടിരുന്നപ്പോൾ പ്രസംഗിച്ചമാതിരി ഒന്നാണു്. അന്നു് അവർ പറഞ്ഞു എല്ലാവരുംകൂടി യോജിച്ചുവന്നാൽ തീർപ്പുചെയ്യാമെന്നു്. അതുപോലെ ഈ പ്രസംഗം ഒരൊറ്റ സമുദായത്തിനേറയും അവകാശങ്ങളെ അവഗണിക്കാതിരിക്കാനുള്ള ശ്രദ്ധ പതിപ്പിക്കലാണെന്നു തോന്നും. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സമുദായങ്ങളുടേയും അവകാശങ്ങൾക്കുവേണ്ടി വാദിക്കാനുള്ള സേനാനിയായും ഞാൻ എല്ലാ സമുദായങ്ങളുടേയും അവകാശങ്ങളേയും അവഗണിച്ചു് മന്നോട്ടു കയറിനിൽക്കുന്ന ഒരു കത്തകവാദിയായ യാഥാസ്ഥിതികവ്യക്തിയാണെന്നും തോന്നിപ്പോകും! മറ്റ സമുദായത്തിനേറയും അവകാശങ്ങളെ അവഗണിക്കണമെന്ന ഉദ്ദേശമില്ല. കോൺസ്റ്റിറ്റ്യൂണൽ അസൈ്വസറിയുടെ റക്കമെൻറഷൻ അതേപടി സ്വീകരിക്കണമെന്നു് ഞാൻ പറയുന്നില്ല. നമ്മക്കെണ്ടിനു് അതിനെക്കുറിച്ചു് വേണ്ടപോലെ ആലോചിക്കേണ്ട കാര്യമുണ്ടു്. അതു് ഒരുമാസവും ഏതു ദിവസവുമല്ലെ ഇവരുടെ കയ്യിൽ ഇരുന്നാലും എന്നു് പറയുന്നു. തിരുവിതാംകൂറിൽ, ൩൦ ലക്ഷം ജനങ്ങളുള്ള തിരുവിതാംകൂറിൽ, കൊച്ചിയേക്കാൾ നാലഞ്ചിരട്ടി വലിപ്പമുള്ള തിരുവിതാംകൂറിൽ ഉടനെ Election നടത്തേണ്ടതു് ആവശ്യമാണെന്നു തോന്നിയപ്പോൾ അവർക്കതു സാധിച്ചു. എന്നാൽ ഇവിടെ സമുദായങ്ങളുടെനേരെയുള്ള ഭയക്കായി; സമുദായങ്ങളുടെ അസൈകര്യങ്ങൾ ഉണ്ടാകും; അതു് തീർക്കാനുള്ള ശ്രമങ്ങൾ ചെയ്യണം! ഈ ബുദ്ധിമുട്ടുകൾ എല്ലാം വരും. യഥാർത്ഥ ബുദ്ധിമുട്ടുകൾ പുറത്തു കൊണ്ടുവരുന്നു. ഞാൻ പറയുന്നതു് നാളെ ഇതു ചെയ്യണമെന്നു വിചാരിച്ചാൽ നിങ്ങൾക്കു സാധിക്കുകയില്ലെന്നാണു്. സാധിക്കുമോ എന്നു ചോദിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സാധിക്കും. തീർച്ചയായും സാധിക്കും.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ വിശ്വാസം സാധിക്കുകയില്ലെന്നാണു്. അങ്ങിനെ സാധിക്കാത്തതുകൊണ്ടു്, അധികാരം കയ്യിലില്ലാത്തതുകൊണ്ടു് അതു് ഉപയോഗിക്കാനുള്ള ശക്തിയില്ലാത്തതുകൊണ്ടു്; അധികാരം കയ്യിലില്ലെങ്കിൽ അതു് കരസ്ഥമാക്കാൻ അറിവില്ലാത്തതുകൊണ്ടു്; അധികാരത്തിനുവേണ്ടി പൊരുതുവാൻ മടിയുള്ളതുകൊണ്ടു്; അധികാരത്തിനുവേണ്ടി പൊരുതിയാൽ അധികാരം കൈവിട്ടുപോകുമെന്നുള്ള ഭയംകൊണ്ടു്, ഭംഗിപറഞ്ഞു് കൊച്ചിയിലെ പൊതുജനങ്ങളെ വഞ്ചിക്കുവാനുള്ള പരിശ്രമമാണു് ഉണ്ടായതെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുമാത്രമാണു് ഞാൻ ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നതു്. കൊച്ചിയിലെ പൌരന്മാരുടെ ഭാഗധേയം സുരക്ഷിതമാക്കാൻമാത്രമല്ല ഇതു കൊണ്ടുവരുന്നതു്. സർ, ഈവക ആക്ഷേപങ്ങളെല്ലാം ചെറുത്തുനിന്നു മറുപടിപറയാൻ കഴിയും. പൊതുജീവിതത്തിൽ വളരെക്കാലമായി പരിചയിച്ചു പൊതുജനങ്ങളുടെ കല്ലേറും തല്ലുംകൊണ്ടു്, പൊതുജനാപവാദങ്ങളും സ്ഥാനത്തും അസ്ഥാനത്തും സഹിച്ചു്, മനസ്സാക്ഷിയില്ലാത്ത ശത്രുക്കളിൽനിന്നും ബന്ധുക്കളിൽനിന്നും ഒരുപോലെ ആക്ഷേപങ്ങളും സഹിച്ചു് മുന്നോട്ടുപോന്നിട്ടുള്ള എനിക്കു് ഈ വിധത്തിലുള്ള അപവാദ ചമ്മട്ടികളും എന്റെ മേൽ ഫലിക്കുകയില്ലെന്നു് എനിക്കറിയാം. എതു ആക്ഷേപങ്ങളാണു് അർദ്ധസത്യമായും, സത്യംതന്നെ മുറച്ചുവെച്ചും പറഞ്ഞിട്ടുള്ളതു് എന്നു് ഓർത്തു് ഞാൻ സങ്കടപ്പെടുന്നു. നിയമസമാധാനം പാലിക്കാനല്ലാതെ ക്യാബിനെറ്റു് പൊളിക്കാൻ തീരുമാനിച്ചിട്ടില്ല എന്നു് ഉയർന്ന ശബ്ദത്തിൽ പ്രധാന മന്ത്രിയുടെ ആസനത്തിൽ ഇരുന്നുകൊണ്ടു് പ്രസംഗിക്കുകയുണ്ടായി. പനമ്പിള്ളി ഉത്തരവു് ഇട്ടതുകൊണ്ടു് അങ്ങിനെ സംഭവിച്ചു എന്നാണു് ഉച്ചരിക്കുകയുണ്ടായതു്. അതുകൊണ്ടു മാത്രമാണു് ഞാൻ പറയുന്നതു്; മനസ്സാക്ഷിയില്ലാത്ത ബന്ധുക്കളുടേയും, ശത്രുക്കളുടേയും ആക്ഷേപശരങ്ങളേറു്, പൊതുജീവിതത്തിൽ തഴമ്പിച്ചു് വളർന്ന ഒരു പാരമ്പര്യമാണു് എനിക്കുള്ളതെന്നു്. ശ്രീമാൻ ടി. കെ. നായർ എന്റെ ഈവക മറുപടികൊണ്ടു് തൃപ്തിപ്പെടുമെന്നു് വിചാരിച്ചിട്ടില്ല; ഈ പ്രമേയം പിൻവലിക്കണമെന്നു് എനിക്കാഗ്രഹമില്ല. എന്തെല്ലാം സഭയിൽ അദ്ദേഹം എന്തെല്ലാമാണു് സംസാരിച്ചുതെന്നു് എനിക്കറിയാം. ഈ നിയമസഭയുടെ ഇന്നത്തെ നിലയേറെ വിധത്തിലായിരുന്നെങ്കിൽ നിങ്ങളുടെ സഭയുടെ മാനദണ്ഡമെന്തായിരിക്കുമെന്നു് എനിക്കറിയാം. നിങ്ങൾ ഉപയോഗിക്കുമായിരുന്ന പദങ്ങൾപോലും എനിക്കറിയാം. അവിശ്വാസപ്രമേയം കൊണ്ടുവരുന്നതു് അധികാരത്തിൽ ഇരിക്കുന്നവരെ ഓടിപ്പായിക്കാൻ മാത്രം വേണ്ടിയല്ല. മിസ്റ്റർ എഴുത്തശ്ശനും മറവും പറയുകയുണ്ടായി, ഞാൻ ഇങ്ങിനെ ഒരു അവിശ്വാസപ്രമേയം മന്ത്രിസഭ അധികാരത്തിൽ വന്നു് ൪ ൫ ദിവസം തികയുന്നതിനുമുമ്പു് കൊണ്ടുവരുന്നതു് ഞങ്ങൾ അനീതിക്കു് ഇടകൊടുക്കാതിരിക്കാൻവേണ്ടി അല്ല എന്നു് എനിക്കറിയാം എന്നു്. ഈ കൊല്ലമായി പൊതുജീവിതത്തിൽ ഇടപഴകിക്കൊണ്ടിരിക്കുന്ന എനിക്കു് അവിശ്വാസപ്രമേയം എതു ഘട്ടത്തിലാണു് വേണ്ടതെന്നറിയാം. ബ്രിട്ടീഷു് പാർലിമെണ്ടിൽ ഓറഞ്ചിക്കു് എതിരായി ചർച്ചിൽ അവിശ്വാസപ്രമേയം കൊണ്ടുവരുന്നതു് ഉടനെ പ്രധാനമന്ത്രിപദം എടുക്കാമെന്നു് വിചാരിച്ചിട്ടല്ല. ഡെമൊക്രസി നിലവിൽ ഉള്ള ടിക്കിൽ ഉത്തരവാദഭരണം പുരോഗമിക്കുന്നതു് ഈ വിധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ത്തിലാണ്. എല്ലാ സമുദായത്തേയും, എല്ലാ വിഭാഗക്കാരേയും ഒരുപോലെ പ്രോഗമിപ്പിക്കണമെന്നുവെച്ചാണ് ഇത്തരം വാദപ്രതിവാദങ്ങൾക്കിടയാക്കാവുള്ളതു്. ഈ സംഗതികളിലെല്ലാം നിങ്ങളും ഞങ്ങളും ഒരുപോലെയാണ്. ഈ വാദപ്രതിവാദങ്ങൾക്കു പ്രതിപക്ഷത്തിന്റെ responsive character അനുസരിച്ചു് ഒരു മറുപടി കിട്ടുമെന്നു വിചാരിച്ചിരുന്നു. responsive co-operation എന്നുവെച്ചാൽ, അവിശ്വാസം ഇല്ലായ്മ എന്നുള്ളതാണെന്നു് ഒരു തെറ്റിദ്ധാരണ ഉള്ളതുപോലെ തോന്നുന്നു. ഈ വാദപ്രതിവാദത്തിനുശേഷം നിങ്ങൾ ഗവണ്മെണ്ടു് നടത്തിക്കൊണ്ടുപോകുവാൻ ആവശ്യമായ എതെങ്കിലും ഒരു കാര്യം കൊണ്ടുവരിക. അങ്ങിനെ കൊണ്ടുവരുന്ന സമയത്തു് സഹകരിക്കുമോ എന്നു നോക്കുക. ഈ അവിശ്വാസപ്രമേയത്തിനു് എതിരാളി ശ്രീമാൻ ടി. കെ. നായർ ഇങ്ങിനെ ഒരു മറുപടി പറയുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. തിങ്കളാഴ്ച, adjournment motion കൊണ്ടുവന്ന അവസരത്തിൽ അദ്ദേഹം തന്റെ ശാന്തമായ സ്വരത്തിൽ, വളരെ മൃദുമായി, തേനോലും സ്വരത്തിൽ പറഞ്ഞ മറുപടിയും, അന്നു് ഇത്ര തയ്യാറെടുത്തിരുന്നില്ല. ഇന്നത്തെ അവിശ്വാസപ്രമേയം കൊണ്ടുവരുമ്പോൾ അദ്ദേഹത്തിന്റെ ധിക്കാരപരമായ, മദാന്ധമായ, വിഷലിപ്തമായ മറുപടിയും തമ്മിൽ ഉള്ള വ്യത്യാസം, ഈ മദിരയുടെ ഫലം ഒന്നു കുറയുന്ന അവസരത്തിൽ സാവകാശത്തിൽ, ഒന്നാലോചിച്ചാൽക്കൊള്ളാമെന്നു്, അദ്ദേഹം ഈ രാജ്യത്തെ പ്രധാന മന്ത്രിയായതുകൊണ്ടു് എനിക്കദ്ദേഹത്തോടു് ഒരുപേക്ഷയുണ്ടു്. ഞാൻ ഈ മോഷൻ press ചെയ്യുന്നു.

Mr. President: Order, in spite of great heat and light, I am glad that the debate has kept up a high standard. Now the motion has to be put to vote that is this House has no confidence in the Ministry. The motion before the House is, "this House has no confidence in the present Ministry."

Hon'ble Members in favour of the motion please stand up.

Ayes	*Noes*
1. Mr. K. T. Achuthan	1. Rao Bahadur T. K. Nayar
2. ,, K. I. Velayudhan	2. Mr. Parambi Lonappen
3. ,, P. K. Dewer	3. ,, K. Balakrishna Menon
4. ,, K. Ayyappan	4. ,, A. Eachara Menon
5. ,, K. Kochukuttan	5. ,, K. A. Raghavan
6. ,, K. H. Sulaiman	6. ,, T. V. Kochuvareed
7. ,, P. Govinda Menon	7. ,, Jos K. Verghese
8. Mrs. K. M. R. Menon	8. ,, P. V. Sebastian
9. Mr. C. R. Iyyunni	9. ,, T. K. L. Kunhuvareed
10. ,, C. S. Panicker	10. ,, R. S. Thevanna Kounder
11. ,, P. K. Paul	11. ,, K. Natarajan Chettiar
12. ,, M. K. Raja	12. ,, P. Narayana Menon
13. ,, V. R. Krishnan Ezhuthassan	13. ,, M. K. Verghese
14. ,, P. Achutha Menon	14. ,, S. S. Koder
15. ,, P. Mani	15. ,, M. O. Thomakutty
16. Choudhury G. S. Dhara Singh	16. Dr. S. S. Rao
17. Mr. M. I. Paul	17. Mr. P. E. Warne
18. ,, P. T. Jacob	18. ,, P. Kumaran Ezhuthassan
19. ,, K. K. Kannan	19. Rao Bahadur T. S. Narayana Ayyar
	20. Mrs. T. Francis
	21. Mr. S. P. Luiz
	22. ,, C. N. Ittiravi Nambudiri
	23. ,, P. A. Mohammed Ashrof
	24. ,, K. R. Ramakrishnan

Mr. President: The result is 19 for the motion and 24 against the motion. The motion is therefore lost. The House stands adjourned *Sine-die.*

The House rose for the day at 5 p.m.

N. I. OUSEPH
Secretary

LIBRARY ARCHIVES Kerala Legislative Assembly